"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ


| | | |
|---|---|---|
| *Vol. XXXVIII* | *2010 February* | *No. 2* |
| വാർഷിക വരിസംഖ്യ 120 രൂപ, | | ഒറ്റപ്രതി 10 രൂപ |

# ഉള്ളടക്കം


സർക്കുലർ ........................................................ 97
സർക്കുലർ ........................................................ 102
സർക്കുലർ ........................................................ 106
വൈദീകവർഷം ........................................................ 111
ബഹു.വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക് ........ 113
രൂപതാ കച്ചേരി വാർത്തകൾ ................................... 123
റീജിയണൽ വാർത്തകൾ ........................................ 127
മതബോധനരംഗം ........................................................ 129
ചെറുപുഷ്പമിഷൻലീഗ് ............................................ 133
കെ. സി. വൈ. എം. ................................................ 140
കുടുംബപ്രേഷിതത്വം ................................................ 145
സിയോൻ വാർത്തകൾ.............................................. 148
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 151
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ............................ 153
സാമൂഹ്യ സേവനരംഗം ............................................ 154
അറിയിപ്പുകൾ ........................................................ 156
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 158
ബിഷപ്സ് പ്രോഗ്രാം ................................................ 159

# പ്രാർത്ഥനാമംഗളങ്ങൾ...



മെത്രാഭിഷേകം : 7-4-2010

മാണ്ഡ്യ രൂപതയുടെ പ്രഥമ മെത്രാനായി

നിയുക്തനായിരിക്കുന്ന

**മാർ ജോർജ് ഞരളക്കാട്ടിന്**

മാനന്തവാടി രൂപത മുഴുവന്റെയും

പ്രാർത്ഥനാ നിർഭരമായ


**ആശംസകൾ... മംഗളങ്ങൾ**

# പ്രാർത്ഥനാമംഗളങ്ങൾ...




**മാർ റെമീജിയസ് ഇഞ്ചനാനിയിൽ**

മെത്രാഭിഷേകം : 8 – 4 – 2010



**മാർ ബോസ്കോ പുത്തൂർ**

മെത്രാഭിഷേകം : 13 – 2 – 2010




**മാർ റാഫേൽ തട്ടിൽ**

മെത്രാഭിഷേകം : 10 – 4 – 2010



**മാർ പോളി കണ്ണൂക്കാടൻ**

മെത്രാഭിഷേകം : 18 – 4 – 2010



**മാർ പോൾ ആലപ്പാട്ട്**

മെത്രാഭിഷേകം : 11 – 4 – 2010

**പുതിയതായി നിയുക്തരായിരിക്കുന്ന ഇടയന്മാർക്ക്**
**മാനന്തവാടി രൂപത മുഴുവന്റെയും**
**പ്രാർത്ഥനാ നിർഭരമായ**
**ആശംസകൾ... മംഗളങ്ങൾ**

# സർക്കുലർ

*Circular Letter No. 2/2010*
*Prot. No. 8933/2020*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമുക്കേവർക്കും ഏറെ സന്തോഷം നൽകുന്ന ഒരു വാർത്തയായിരുന്നല്ലോ നമ്മുടെ രൂപത വിഭജിച്ച് കർണ്ണാടകത്തിൽ മാണ്ഡ്യ കേന്ദ്രമാക്കി പുതിയൊരു രൂപത സ്ഥാപിതമായതും അതിന്റെ പ്രഥമ മെത്രാനായി നമ്മുടെ രൂപതയിൽ നിന്നുള്ള പെരിയ ബഹുമാനപ്പെട്ട മോൺസിഞ്ഞോർ ജോർജ്ജ് ഞറളക്കാട്ട് അച്ചൻ നിയമിതനായതും. അഭിവന്ദ്യ ശ്രേഷ്ഠമെത്രാപ്പോലീത്താ കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിന്റെ ഇതു സംബന്ധിച്ചുള്ള അറിയിപ്പ് ഇക്കഴിഞ്ഞ തിങ്കളാഴ്ച (ജനുവരി 18) ഉച്ചകഴിഞ്ഞ് 4.30 ന് പുതിയ രൂപതയുടെ ഭദ്രാസന (കത്തീഡ്രൽ) ദേവാലയമായ ഹിങ്കൽ പരിശുദ്ധ ഉണ്ണിമിശിഹായുടെ നാമത്തിലുള്ള പള്ളിയിൽ വച്ച് പരസ്യപ്പെടുത്തി. പുതിയ രൂപതയുടെ അതിർത്തിയിൽ ഇപ്പോൾ സേവനം ചെയ്യുന്ന ധാരാളം വൈദികരും സമർപ്പിതരും അത്മായവിശ്വാസികളും തദവസരത്തിൽ സന്നിഹിതരായിരുന്നു. ഇത്തരുണത്തിൽ മാണ്ഡ്യ രൂപതയ്ക്കും അതിന്റെ പ്രഥമ ഇടയൻ അഭിവന്ദ്യ ഞറളക്കാട്ട് ജോർജ്ജ് പിതാവിനും ഭാവുകങ്ങളും ആശംസകളും ദൈവാനുഗ്രഹവും നേരാം. ആ പ്രദേശത്ത് അധിവസിക്കുന്ന എല്ലാ ദൈവജനത്തിനും അവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്കും പുരോഗതിയ്ക്കും പുതിയ രൂപത നിമിത്തമാകട്ടെ എന്ന് പ്രാർത്ഥിക്കാം.

കർണ്ണാടകത്തിൽ മാനന്തവാടി രൂപതയുടെ ഭാഗമായുണ്ടായിരുന്ന മാണ്ഡ്യ, മൈസൂർ, ചാമരാജനഗർ, ഹസൻ എന്നീ ജില്ലകളാണ് പുതിയ രൂപതയിൽ ഉൾപ്പെടുന്നത്. മാണ്ഡ്യയിൽ നിന്ന് ഏകദേശം ഏഴ് കിലോമീറ്റർ തെക്കായി ബാംഗ്ലൂർ-മൈസൂർ ഹൈവേയുടെ വശത്തായി കാലെനഹള്ളി എന്നറിയപ്പെടുന്ന മിഷൻ സ്റ്റേഷനാണ് ബിഷപ്പ്സ് ഹൗസായി രൂപാന്തരപ്പെടുന്നത്. അവിടെ നിന്നും ഏകദേശം മുപ്പത്

കിലോ മീറ്റർ അകലെ മൈസൂറിനടുത്തുള്ള ഹിങ്കൽ ഇടവകപ്പള്ളി ഭദ്രാസന ദേവാലയമായി ഉയർത്തപ്പെടുകയും ചെയ്തു.

പുതിയ രൂപത സ്ഥാപിതമായതോടൊപ്പം തന്നെ മാനന്തവാടിയുടെ ഭാഗമായുണ്ടായിരുന്ന ചിക്ക്മാംഗ്ലൂർ ജില്ല ഭദ്രാവതി രൂപതയോട് കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു. അക്കാര്യം ജനുവരി 18 ന് ഉച്ചകഴിഞ്ഞ് 4.30 ന് നരസിംഹരാജപുരം വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമത്തിലുള്ള പള്ളിയിൽ വച്ച് പരസ്യപ്പെടുത്തി. ഇതേ ഇടവകപ്പള്ളിയെ ഭദ്രാവതി മെത്രാൻ അഭിവന്ദ്യ ജോസഫ് അരുമച്ചാടത്ത് പിതാവിന്റെ അഭ്യർത്ഥന പ്രകാരം ഭദ്രാവതി രൂപതയുടെ ഭദ്രാസനദേവാലയമായി അഭിവന്ദ്യ ശ്രേഷ്ഠമെത്രാപ്പോലീത്താ ഉയർത്തുകയും ചെയ്തിട്ടുണ്ട്. ചിക്ക്മാംഗ്ലൂർ മിഷനിലുള്ള ബഹുമാനപ്പെട്ട വൈദികർക്കും സമർപ്പിതർക്കും മറ്റ് ദൈവജനം മുഴുവനും ഈ നടപടികൊണ്ട് കൂടുതൽ ആത്മീയവും ഭൗതികവുമായ നേട്ടം ഉണ്ടാകും എന്നതിൽ സംശയമില്ല. ഭദ്രാവതിയിൽ നിന്ന് കേവലം 50 കിലോ മീറ്ററോളം മാത്രമാണ് നരസിംഹരാജപുരത്തേയ്ക്കുള്ള ദൂരം. അവിടെയുള്ള ബഹുമാനപ്പെട്ട വൈദികർക്കും സമർപ്പിതർക്കും മറ്റ് ദൈവജനം മുഴുവനും അവരുടെ പുതിയ ഭവനത്തിൽ എല്ലാവിധ ദൈവാനുഗ്രഹവും നേരുന്നു.

ഇത്തരുണത്തിൽ മാനന്തവാടി രൂപതയുടെ ഭാഗമായിരുന്ന കർണ്ണാടകത്തിലെ ഈ ജില്ലകളെ വളർത്തി വലുതാക്കിയ സി.എം.ഐ, എം.എസ്.റ്റി., എന്നീ വൈദിക സമൂഹങ്ങളെ നന്ദിയോടെ ഓർക്കാതിരിക്കാൻ പറ്റില്ല. കാരണം അത്രയധികം പ്രവർത്തനങ്ങൾ അവരവിടെ ചെയ്തിട്ടുണ്ട്. അവരുടേയും അവരോടൊപ്പം കഠിനാദ്ധ്വാനം ചെയ്ത വിവിധ സന്യാസിനീസമൂഹാംഗങ്ങളുടേയും പരിശ്രമഫലമാണ് പുതുതായി രൂപം കൊണ്ട മാണ്ഡ്യ രൂപത. അതുപോലെ തന്നെ നരസിംഹരാജപുരം മിഷന്റെ വളർച്ചയ്ക്കും പുരോഗതിയ്ക്കും വേണ്ടി ബഹുമാനപ്പെട്ട നോർബർട്ടൈൻ വൈദികരും അത്യദ്ധ്വാനം ചെയ്തിട്ടുണ്ട്.

1978 ൽ അന്നത്തെ മാനന്തവാടി മെത്രാനായിരുന്ന അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവാണ് മാണ്ഡ്യ ജില്ലയെ എം.എസ്.റ്റി സമൂഹത്തിനും ഹസൻ ജില്ലയെ സി.എം.ഐ സമൂഹത്തിനും 1995 ൽ ചിക്ക്മംഗ്ളൂർ ജില്ലയെ നോർബർട്ടൈൻ സമൂഹത്തിനും ഏൽപ്പിച്ച് കൊടുത്തത്. 1978 ൽ തന്നെ ഷിമോഗ ജില്ല എം.സി.ബി.എസ് സമൂഹത്തെയും ഏൽപ്പിച്ചിരുന്നു. അന്ന് രൂപതയും ഈ സമൂഹങ്ങളും തമ്മിൽ ഉണ്ടാ

ക്കിയ കരാർ ഈ പ്രദേശങ്ങൾ ആവശ്യത്തിന് വികസിച്ച് കഴിയുമ്പോൾ ഓരോ ജില്ലയും രൂപതകളാക്കാൻ വേണ്ട നടപടി സ്വീകരിക്കും എന്നായിരുന്നു. അതിൻ പ്രകാരമാണ് 2007 ആഗസ്റ്റിൽ ഭദ്രാവതി രൂപത സ്ഥാപിതമായത്.

എന്നാൽ മറ്റു ജില്ലകളെ ഓരോന്നിനേയും ഓരോ രൂപതയായി മാറ്റുന്നതിനോട് സീറോമലബാർ മെത്രാൻ സിനഡും പരിശുദ്ധസിഹാസനവും യോജിച്ചില്ല. രൂപത ആക്കാൻ ആവശ്യമുള്ളത്ര വിശ്വാസികളും വിസ്തീർണ്ണവും അവയോരോന്നിനും ഇല്ല എന്നതാണ് കാരണമായി ചൂണ്ടിക്കാണിയ്ക്കപ്പെട്ടത്. ഭദ്രാവതി തന്നെ തീർത്തും ചെറുതായിപ്പോയി എന്ന തോന്നലും പൊതുവേ ഉണ്ടായിരുന്നു. അതിനാൽ കർണ്ണാടകത്തിൽ മാനന്തവാടിയുടെ ഭാഗമായി ഉണ്ടായിരുന്ന ബാക്കി അഞ്ച് ജില്ലകളും കൂട്ടിച്ചേർത്ത് ഒരു രൂപതയാക്കാം എന്ന അഭിപ്രായമാണ് അവർ മുന്നോട്ട് വെച്ചത്. യുക്തമെങ്കിൽ ചിക്ക്മംഗളൂർ ജില്ലയെ ഭദ്രാവതിയോട് ചേർത്തിട്ട് ബാക്കി നാല് ജില്ലകൾ ഉൾപ്പെടുത്തി പുതിയൊരു രൂപത സ്ഥാപിക്കുന്നതിനോടും അവർക്ക് യോജിപ്പായിരുന്നു. ആ അഭിപ്രായത്തിനാണ് കൂടുതൽ സ്വീകാര്യത ലഭിച്ചത്. അതിൻപ്രകാരമാണ് ഇപ്പോൾ മാണ്ഡ്യ രൂപത സ്ഥാപിതമായതും ചിക്ക്മംഗളൂർ ജില്ല ഭദ്രാവതിയോട് കൂട്ടിചേർക്കപ്പെട്ടതും.

മേൽപ്പറഞ്ഞ സമർപ്പിതസമൂഹങ്ങളോട് പൊതുവെയും ഈ ഭൂപ്രദേശങ്ങളിൽ സേവനം ചെയ്തു കടന്നുപോയവരും ഇപ്പോൾ അവിടെ സേവനം ചെയ്യുന്നവരുമായ സമൂഹാംഗങ്ങളോട് പ്രത്യേകമായും എനിക്കുള്ള നിസീമമായ നന്ദി രേഖപ്പെടുത്തുവാനും ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. ആളും അർത്ഥവും തീർത്തും ഇല്ലാതിരുന്നതു കൊണ്ടാണ് അവരെ ഈ പ്രദേശങ്ങൾ അഭിവന്ദ്യ തൂങ്കുഴി പിതാവ് ഏൽപ്പിച്ച് കൊടുത്തത്. അവരേറ്റെടുത്ത വലിയ ഉത്തരവാദിത്വം തികച്ചും ആത്മാർത്ഥതയോടെ അവർ നിറവേറ്റി എന്നതിൽ എനിക്ക് ഏറെ ചാരിതാർത്ഥ്യമുണ്ട്. രൂപത നേരിട്ട് നോക്കിയിരുന്നെങ്കിൽ അവിടെ ഇന്നുണ്ടായിട്ടുള്ള വികസനത്തിന്റേയും പുരോഗതിയുടേയും ചെറിയൊരംശം പോലും ഉണ്ടാകുമായിരുന്നില്ല എന്നതൊരു വസ്തുതയാണ്. ഒന്നും ഇല്ലാതിരുന്ന ഈ പ്രദേശങ്ങളിൽ മനോഹരങ്ങളായ ദേവാലയങ്ങളും വൈദിക മന്ദിരങ്ങളും സ്കൂളുകളും അഗതിമന്ദിരങ്ങളും എല്ലാം ഉയർന്ന് നിൽക്കുന്ന കാഴ്ച നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. നരസിംഹരാജ

പുരത്തെ പ്രൗഢഗംഭീരമായ ലിറ്റിൽ ഫ്ളവർ ഇടവകപ്പള്ളി ബഹുമാനപ്പെട്ട നോർബർട്ടൈൻ വൈദികരുടെ തീഷ്ണതയുടേയും ആത്മാർത്ഥതയുടേയും മകുടോദാഹരണമാണ്. അതുപോലെ മാണ്ഡ്യ മിഷനിൽ ഇന്നു കാണുന്ന നിരവധിയായ സ്ഥാപനങ്ങൾ സെന്തോമസ് മിഷനറി സമൂഹത്തിലെ അംഗങ്ങളുടെ നിസ്വാർത്ഥ സേവനത്തെ വിളിച്ചോതുന്നു. ഹസൻ ജില്ലയിൽ ഉള്ള ഹെഗ്ഗദെ ഇടവകദേവാലയം അതുപോലെ സി.എം.ഐ. വൈദികരുടെ പ്രവർത്തനഫലമാണ്. ഇതിന്റെയെല്ലാം പിന്നിൽ അവിടെ പ്രവർത്തിച്ച മിഷനറിമാരുടെ അക്ഷീണവും നിസ്വർത്ഥവുമായ സേവനമാണ് എന്നത് നിസ്സംശയമാണ്. അവരെയെല്ലാം ഏറെ നന്ദിയോടെ ഓർക്കുന്നു.

വൈദികരോടൊപ്പം പ്രവർത്തിച്ച വിവിധ സന്യാസിനീസമൂഹങ്ങളിലെ സഹോദരിമാരും ഈ പുരോഗതിയ്ക്ക് ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. എല്ലാവരുടേയും കൂടി കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് ഇന്ന് നാം കാണുന്ന പുരോഗതി. എഫ്.സി.സി, എസ്.എച്ച്, എസ്.എ.ബി.എസ്, എം.എസ്.എം.ഐ, സി.എം.സി, എസ്.കെ.ഡി, എം.എസ്.ജെ, ദീനസേവനസമൂഹം, സത്യസേവനസമൂഹം എന്നിവയാണ് അവിടെ സേവനം ചെയ്യുന്ന സന്യാസിനി സമൂഹങ്ങൾ. ഈ സമൂഹങ്ങളിൽ നിന്ന് മാണ്ഡ്യ രൂപതയിലും ചിക്ക്മംഗ്ളൂർ ജില്ലയിലും സേവനം ചെയ്തിട്ടുള്ളവരും ഇപ്പോൾ സേവനം ചെയ്യുന്നവരുമായ എല്ലാ സഹോദരിമാരേയും നന്ദിപൂർവ്വം ഓർക്കുകയും അവരുടെ പ്രവർത്തനങ്ങൾക്ക് ദൈവം തന്നെ പ്രതിഫലം കൊടുക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. തുടർന്നും അവരുടെ സേവനങ്ങൾ ഈ പ്രദേശങ്ങളിൽ തുടരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

വിവിധ സമർപ്പിത സമൂഹങ്ങളെപ്പോലെതന്നെ മൈസൂർ ജില്ലയിലും ചിക്ക്മംഗ്ളൂർ ജില്ലയിലും രൂപതാ വൈദികരും അത്യദ്ധ്വാനം ചെയ്തിട്ടുണ്ട്. മാണ്ഡ്യയുടെ ഭദ്രാസനദേവാലയമായ ഹിങ്കൽ ഉണ്ണിമിശിഹാപ്പള്ളി അവരുടെ പ്രവർത്തനത്തിന്റെ മകുടോദാഹരണമാണ്. നരസിംഹരാജപുരം മിഷൻ നോർബർട്ടൈൻ സമൂഹത്തെ ഏൽപ്പിക്കുന്നതിനുമുമ്പ് രൂപതാ വൈദികരാണ് നോക്കി നടത്തിയിരുന്നത്. ഇന്നു കാണുന്ന മിഷന്റെ അടിസ്ഥാനം ഇട്ടത് അവരാണ്. അന്നെന്നപോലെ ഇന്നും ഈ ഇടവകകളിലെ വിശ്വാസിസമൂഹത്തിന്റെ, പ്രത്യേകിച്ച് കൈക്കാരന്മാർ, കമ്മറ്റിക്കാർ, മതബോധനാദ്ധ്യാപകർ, സംഘടനാ

ഭാരവാഹികൾ തുടങ്ങി എല്ലാവരുടേയും സഹകരണം മിഷന്റെ വളർച്ച യിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. അവരേയും ഇത്തരുണത്തിൽ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

വലിയ നോമ്പിനു ശേഷം ഏപ്രിൽ 7 ന് ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്കാണ് മാണ്ഡ്യായുടെ നിയുക്തമെത്രാന്റെ മെത്രാഭിഷേകവും പുതിയ രുപതയുടെ ഉദ്ഘാടനവും നിശ്ചയിച്ചിരിക്കുന്നത്. നമ്മുടെ അതിരൂപതാമെത്രാപ്പോലീത്താ അഭിവന്ദ്യ ജോർജ്ജ് വലിയമറ്റം പിതാവായിരിക്കും മുഖ്യ കാർമ്മികൻ. തിരുക്കർമ്മങ്ങൾ നടക്കുന്നത് ഹിങ്കലിലെ ഭദ്രാസനദേവാലയത്തിലായിരിക്കും. നിങ്ങളെ ഏവരേയും ഈ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാനും പുതിയ രൂപതയ്ക്കും അഭിവന്ദ്യ ജോർജ്ജ് ഞറളക്കാട്ട് പിതാവിനും വേണ്ടി പ്രാർത്ഥിക്കാനും ഏറ്റവും സ്നേഹത്തോടെ ക്ഷണിക്കുന്നു. പുതിയ രൂപതയ്ക്കും രൂപതാ മെത്രാനും ദൈവാനുഗ്രഹവും വിജയവും നേരുന്നു. കർത്താവിന്റെ കൃപ നിങ്ങളോടുകൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2010 ജനുവരി മാസം 20–ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ഫെബ്രുവരി 7 –ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

## തിരുബാലസഖ്യദിനം – 2010 ഫെബ്രുവരി 14

(കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ)

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരെ,

ഫെബ്രുവരി 14–ന് ആഗോളസഭ തിരുബാലസഖ്യദിനമായി ആചരിക്കുകയാണല്ലോ. കുഞ്ഞുങ്ങളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കുന്നതും ആഗോളകത്തോലിക്കാ സഭ മുഴുവൻ വ്യാപിച്ചു കിടക്കുന്നതുമായ കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. 1843–ൽ ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാക്സൺ ആണ് തിരുബാലസഖ്യ സംഘടനാ സ്ഥാപകൻ. 1922 ൽ പത്താം പീയൂസ് മാർപ്പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർത്തുകയും 1950 ൽ പതിനൊന്നാം പീയൂസ് മാർപ്പാപ്പ തിരുബാലസഖ്യദിനം സാർവ്വത്രിക സഭ മുഴുവനും ആചരിക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ 2–ാം ഞായറാഴ്ചയാണ് തിരുബാലസഖ്യദിനമായി തിരുസഭ ആചരിക്കുന്നത്. അന്നേ ദിവസം തന്നെ നമ്മുടെ എല്ലാ ഇടവകയിലും തിരുബാലസഖ്യദിനം സമുചിതമായി ആചരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കുഞ്ഞുങ്ങൾ സഭയുടെ സമ്പത്തും രാഷ്ട്രത്തിന്റെ മുതൽകൂട്ടുമാണ്. അവരെ ഉത്തമ പൗരൻമാരും യഥാർത്ഥ സഭാമക്കളുമായി വളർത്തുക എന്നത് ഇന്ന് വളരെ ക്ലേശപൂർണമായിരിക്കുന്നു. കുഞ്ഞുങ്ങളെ നന്മനിറഞ്ഞവരായി ഉത്തമ ദിശാബോധത്തോടെ വളർത്തുവാനുള്ള ഉത്തരവാദിത്വം എല്ലാ മാതാപിതാക്കന്മാർക്കുമുണ്ട്. നസ്രത്തിലെ തിരുക്കുടുംബമായിരിക്കണം ഈ കാര്യത്തിൽ മാതാപിതാക്കന്മാരുടെ മാതൃക. ഈശോ ദൈവത്തിന്റെയും മനുഷ്യരുടേയും പ്രീതിയിൽ വളർന്നതുപോലെ നമ്മുടെ എല്ലാ കുഞ്ഞുങ്ങളും വളർന്ന് വരണം എന്നത് പിതാവായ ദൈവത്തിന്റെ സ്വപ്നമാണ്. കുഞ്ഞുങ്ങളെ അവ

രുടെ ചെറുപ്രായത്തിൽ തന്നെ സഭയോടൊത്ത് ചിന്തിക്കുവാനും ജീവിക്കുവാനും നാം പ്രാപ്തരാക്കണം. അതിന് തിരുബാലസഖ്യ സംഘടന വഹിക്കുന്ന പങ്ക് വളരെ ശ്രദ്ധേയമാണ്.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആശയവിനിമയ സംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും കുട്ടികളിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. രാഷ്ട്രീയ പാർട്ടികൾ കുഞ്ഞുമനസുകളെ അവർക്ക് അനുയോജ്യമാക്കി രൂപപ്പെടുത്തുവാൻ ശ്രമം ആരംഭിച്ചിരിക്കുന്നു. നിരീശ്വരവാദികളും സഭാവിരോധികളുമായ ഒരു തലമുറയെ വാർത്തെടുക്കുവാനുള്ള ഗൂഢശ്രമം നമ്മുടെ നാട്ടിൽ നടക്കുമ്പോൾ നമുക്ക് അത് കണ്ടില്ലെന്ന് നടിക്കാനാവില്ല. സഹനത്തിനും ത്യാഗത്തിനും സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് കുടുംബബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. അതുകൊണ്ട് കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ മാതാപിതാക്കന്മാർ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. "മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻ മൂലം നന്മയുണ്ടാകും. സ്നേഹിതരുടെ മുമ്പിൽ അവനെക്കുറിച്ച് അഭിമാനിക്കുകയും ചെയ്യും" (പ്രഭാ.30:2). സഭയോടൊത്ത് ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്ന ഒരു തലമുറയ്ക്ക് ജന്മം നൽകുവാൻ തിരുബാല സംഖ്യ സംഘടന ശക്തിപ്പെടുത്തുന്നതിലൂടെ സാധിക്കുമെന്നതിൽ സംശയമില്ല. സഭയേയും സഭാധികാരികളേയും സന്യാസ പൗരോഹിത്യത്തെയും അവഹേളനാ പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കുവാൻ ആസൂത്രിത ശ്രമങ്ങൾ നടക്കുന്നതിനെയും നിസാരമായി തള്ളിക്കളയുവാനാവില്ല. ഈ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ തിരുബാലസഖ്യ സംഘടനയുടെ പ്രസക്തി ഏറുകയാണ്.

ആദ്യകുർബാന സ്വീകരിക്കുന്നതുവരെയാണ് കുട്ടികൾ തിരുബാലസംഖ്യത്തിൽ പ്രവർത്തിക്കുന്നത്. കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിൽ പ്രധാനപ്പെട്ടയൊരു കാലയളവാണിത്. നമ്മുടെ നേഴ്സറികളും, എൽ.കെ.ജി, യു.കെ.ജി. ക്ലാസുകളും നമ്മൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകത ഞാൻ നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഉണ്ണീശോയുടെ സംരക്ഷണയിലാണ് തിരുബാല സഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യാമറിയം മദ്ധ്യസ്ഥയും, വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖയും ഉപമദ്ധ്യസ്ഥരുമാണ്.

ഇവരുടെ ആദ്ധ്യാത്മിക സംരക്ഷണയിൽ കുഞ്ഞുങ്ങളെ വളർത്തുവാൻ തിരുബാലസഖ്യത്തിന് സാധിക്കുന്നു. ഈ വർഷം ഫെബ്രുവരി 14 നാണ് ആഗോളസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. "കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ. കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്നതാണ് തിരുബാലസഖ്യത്തിന്റെ ആപ്തവാക്യം. തിരുബാലസഖ്യ ദിനാചരണത്തിലൂടെ ലോകമെങ്ങുമുള്ള കുഞ്ഞുങ്ങൾ സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ പങ്കുചേർന്ന് പരസ്പരം സ്നേഹിച്ച് സഭയുടെ വിശ്വാസം ഏറ്റു പറയുന്നു. അന്നേ ദിവസം എല്ലാ ഇടവകകളിലും കുട്ടികൾക്കുവേണ്ടി വി.കുർബാനയും പൊതുസമ്മേളനവും റാലിയും നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. തിരുബാലസഖ്യദിനമാചരിക്കുന്ന ഞായറാഴ്ചയിലെ ദിവ്യബലി മദ്ധ്യേയെടുക്കുന്ന സ്തോത്രക്കാഴ്ചയും തിരുബാലസഖ്യാംഗങ്ങൾ ഭവനസന്ദർശനവും മറ്റുപരിപാടികളും വഴി ശേഖരിക്കുന്ന തുകയുംകൂടി ലോകമെമ്പാടുമുള്ള അനാഥകുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും അവരുടെ വിദ്യാഭ്യാസത്തിനുമായി നൽകുന്നതിന് ഫെബ്രുവരി 28 ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

നമ്മുടെ ഇടവകകളിലെ 12 വയസിൽ താഴെ പ്രായമുള്ള എല്ലാ കത്തോലിക്കാ ബാലികാബാലന്മാരും ഈ സംഘടനയിൽ അംഗങ്ങളായി ഒന്നിച്ച് പ്രവർത്തിച്ച് ഉണ്ണീശോയുടെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. അതിനായി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന രൂപത, ഫൊറോന, ഇടവകാ പ്രവർത്തകരും, ബഹുമാനപ്പെട്ട വികാരിയച്ചന്മാരും, ആനിമേറ്റേഴ്സും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. തിരുബാലസഖ്യാഗംങ്ങൾക്ക് ഇടവക, ഫൊറോന, രൂപതാതല പരിപാടികൾ ആസൂത്രണം ചെയ്യുവാൻ എല്ലാ രൂപതാ ഡയറക്ടർമാരും ശ്രദ്ധിക്കേണ്ടതാണ്. സെമിനാറുകൾ, ധ്യാനങ്ങൾ, കലാമത്സരങ്ങൾ മുതലായവ നടത്താവുന്നതാണ്. എല്ലാ ഇടവകകളിലും ഒരു സിസ്റ്ററിനെ തിരുബാലസഖ്യ ആനിമേറ്ററായി നിയമിക്കുന്നത് ഉചിതമാണ്. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററിന്റെ നേതൃത്വത്തിൽ ഒന്നിച്ചുകൂടി പ്രാർത്ഥന നടത്തേണ്ടതും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും ചെയ്യേണ്ടതാണ്. അങ്ങനെ ഭാവിസമൂഹത്തിന് നമുക്ക് അടിത്തറ പണിയാം.

പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, നിങ്ങളെ എല്ലാവരെയും ഞാൻ ഉണ്ണീശോയ്ക്ക് സമർപ്പിക്കുന്നു. ബാലനായ ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നതു പോലെ, ഈശോയെ അറിഞ്ഞ് സ്നേഹിച്ച് അവിടുത്തോടൊപ്പം വളരുവാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹാശംസകളോടെ,

**ബിഷപ്പ് ഗീവർഗീസ് മാർ ദിവന്നാസിയോസ്**
ചെയർമാൻ, കെ.സി.ബി.സി.വൊക്കേഷൻ കമ്മീഷൻ

**പി.ഒ.സി., കൊച്ചി**
09-01-2010

---

**NB:- ഈ സർക്കുലർ ഫെബ്രുവരി 14 -ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 3/2010***
***Prot. No. 8934/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഒരു കത്തോലിക്കാ വിശ്വാസിയുടെ ജീവിതം ജനനം മുതൽ മരണം വരെയും അതിനു ശേഷവും പള്ളിയുമായി ബന്ധപ്പെട്ടതാണല്ലോ. പള്ളിയാകട്ടെ ഒരു വൈദികന്റെ സാന്നിദ്ധ്യവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. വൈദികന്റെ സേവനം ലഭ്യമാകാത്ത പള്ളിയ്ക്ക് അർത്ഥം നഷ്ടപ്പെടുന്നു. ക്രൈസ്തവ വിശ്വാസജീവിതത്തിൽ ജനിപ്പിക്കുന്നതിലും വളർത്തുന്നതിലും എല്ലാം വൈദികന് അനിഷേധ്യമായ പങ്കുണ്ട്. അതിന് പകരം നിൽക്കാൻ ആർക്കും സാധിക്കുകയുമില്ല. 2009 ജൂൺ മുതൽ 2010 ജൂൺ വരെ വൈദികവർഷമായി ആചരിയ്ക്കാൻ പരിശുദ്ധ പിതാവ് നമ്മോട് ആഹ്വാനം ചെയ്തപ്പോൾ അദ്ദേഹം ഉദ്ദേശിച്ചത് നാം വൈദികജീവിതത്തെ വിലമതിയ്ക്കണം എന്നാണ്. അതുപോലെ വൈദികർ വിശുദ്ധരായി വി. ജോൺ മരിയ വിയാനിയെപ്പോലെ ജീവിയ്ക്കണമെന്നും.

എന്നാൽ വൈദികജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നവരുടെ എണ്ണം ഇന്ന് വളരെയധികം കുറഞ്ഞിരിക്കുന്നു. ആ ജീവിതത്തിലേയ്ക്ക് മക്കളെ പറഞ്ഞയയ്ക്കുന്നതിൽ പല മാതാപിതാക്കളും മടിയ്ക്കുകയും ചെയ്യുന്നു. കാരണങ്ങൾ പലതാകാം. ഇന്ന് പൊതുവേ മക്കളെ പഠിപ്പിച്ച് ഏതെങ്കിലും ഉദ്യോഗത്തിൽ ആക്കണം എന്നുള്ളതാണ് ഏറിയ പങ്കും മാതാപിതാക്കൾ ആഗ്രഹിക്കുന്നത്. അതുകൊണ്ടാണല്ലോ വലിയ തുകകൾ മുടക്കി അവരെ അറിയപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തന്നെ പഠിപ്പിക്കണം എന്നവർ ആഗ്രഹിക്കുന്നത്. എന്നാൽ മിടുക്കരായ കുട്ടികളെ വൈദികപരിശീലനത്തിനായി മാതാപിതാക്കൾ പ്രോത്സാഹിപ്പിച്ച് വിടുന്നില്ലെങ്കിൽ അതിന്റെ അനന്തരഫലം ഇന്ന് യൂറോപ്പിൽ സംഭവിക്കുന്നതു തന്നെയായിരിക്കും.

സ്കൂൾ വർഷം തീരാൻ പോകുകയാണല്ലോ. പത്താം ക്ലാസിൽ

പഠിക്കുന്ന സത്സ്വഭാവികളും മിടുക്കരുമായ ആൺകുട്ടികളെ സെമിനാരിയിലേയ്ക്ക് പറഞ്ഞുവിടുന്ന കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കണം. നമ്മുടെ രൂപത മൈനർ സെമിനാരിയിലേയ്ക്ക് ഇപ്പോൾ തന്നെ അപേക്ഷ അയയ്ക്കാവുന്നതാണ്. അതിനായി പത്താം ക്ലാസ് പരീക്ഷ തീരാൻ കാത്തിരിക്കേണ്ടതില്ല. അപേക്ഷകൾ ബഹുമാനപ്പെട്ട റെക്ടച്ചന്റെ പേരിൽ അയയ്ക്കുക. അദ്ദേഹത്തിന്റെ വിലാസം: Rev. Fr. Thomas Kachirayil, Mount Mary College, PB No. 1, Mananthavady 670645. നിങ്ങൾക്ക് അച്ചനെ ഫോണിലും ബന്ധപ്പെടാവുന്നതാണ്. നമ്പർ: 9446892434. അപേക്ഷകൾ വെള്ളക്കടലാസിൽ എഴുതി നിങ്ങളുടെ ഇടവക വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടി അയയ്ക്കണം. അതിവിടെ കിട്ടിക്കഴിയുമ്പോൾ വിശദമായ മറ്റൊരു അപേക്ഷാഫോറം അയയ്ച്ചുതരും. അത് പിന്നീട് അയയ്ച്ചുകൊടുത്താൽ മതി. സ്കൂൾ അടച്ചുകഴിയുമ്പോൾ ദൈവവിളി ക്യാമ്പും മറ്റും ഉണ്ടാകും. അതിലും നിങ്ങൾ പങ്കെടുക്കണം. ഏതെങ്കിലും സന്യാസസമൂഹത്തിൽ ചേരാൻ ഉദ്ദേശിക്കുന്നവരും ഈ ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കണം.

പ്ലസ്ടു ഉൾപ്പെടെ മൂന്നുവർഷം മൈനർ സെമിനാരി, അതിനുശേഷം മൂന്നുവർഷം മേജർ സെമിനാരിയിൽ തത്വശാസ്ത്രപഠനം, പിന്നെ രണ്ട്വർഷം പുറത്ത് പോയി പഠിച്ച് ബിരുദാനന്തരബിരുദം, അതിനുശേഷം നാല്വർഷം ദൈവശാസ്ത്രപഠനം എന്നിങ്ങനെയാണ് നമ്മുടെ രൂപതയിൽ വൈദികപരിശീലന പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ഇതിൽ പുറത്തു പോയി ബിരുദാനന്തരപഠനം നടത്തുക എന്നത് നമ്മുടെ രൂപതയിൽ മാത്രമുള്ളതാണ്. മറ്റ് ചില രൂപതകളിൽ പ്ലസ് ടു അല്ലെങ്കിൽ അതിനു ശേഷം ഡിഗ്രിപഠനം പുറത്തുപോയി നടത്തുക എന്ന രീതിയും നിലവിലുണ്ട്. നമ്മുടെ രൂപതയിൽ ഇപ്രകാരം വൈദികവിദ്യാർത്ഥികൾ രണ്ട് വർഷം പുറത്ത്പോയി സ്വതന്ത്രമായി ജീവിച്ച് ബിരുദാനന്തരബിരുദപഠനം നടത്തണം എന്ന് നിഷ്ക്കർഷിക്കുന്നത് അവർക്ക് പിന്നീട് ഇടവകജീവിതത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളേയും പ്രതിസന്ധികളേയും പക്വതയോടെ നേരിടാനുള്ള കഴിവ് കിട്ടാനും ജീവിതത്തെപ്പറ്റി യാഥാർത്ഥ്യബോധം ഉണ്ടാകാനും വേണ്ടിയാണ്. ഒന്നോ രണ്ടോ കുട്ടികൾ മാത്രമുള്ള ഇന്നത്തെ അണുകുടുംബങ്ങളിൽ മുമ്പ് വലിയ കുടുംബങ്ങളിൽ കുട്ടികൾക്ക് കിട്ടിയിരുന്നതുപോലെയുള്ള ജീവിതപരിശീലനവും മൂല്യബോധവും കിട്ടുന്നില്ല എന്നത് ഒരു വസ്തു

തയാണ്. കുടുംബങ്ങളിൽ നിന്ന് കിട്ടാതെ അത് സെമിനാരിയിൽ പറഞ്ഞുകൊടുത്തതുകൊണ്ട് മാത്രം അവർ സ്വീകരിക്കുകയുമില്ല. ജീവിതയാഥാർത്ഥ്യങ്ങളെ നേരിൽ കണ്ട് അവ അനുഭവിയ്ക്കുമ്പോൾ മാത്രമാണ് അതവർ ഉൾകൊള്ളുന്നത്. അതിനവരെ പ്രാപ്തരാക്കാനുള്ള ഒരു അവസരമായിട്ടാണ് പുറത്തുള്ള താമസത്തേയും പഠനത്തേയും വിഭാവനം ചെയ്തിരിക്കുന്നത്.

ബിരുദാനന്തരബിരുദപഠനത്തിനായി പോകുന്നവർ കഴിയുന്നതും വീട്ടിൽ നിൽക്കരുത് എന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെ വന്നാൽ ഉദ്ദേശിക്കുന്ന ഫലം അതിൽ നിന്ന് കിട്ടുകയില്ല. അവർ സ്വന്തമായി ഒരു താമസസ്ഥലം കണ്ടെത്തി എവിടെയെങ്കിലും ഒരു ഭാഗികജോലിയും സ്വീകരിച്ച് അതിൽനിന്നുള്ള വരുമാനം കൊണ്ട് ജീവിച്ച് പഠനം പൂർത്തിയാക്കണം എന്നാണ് കൊടുത്തിട്ടുള്ള നിർദ്ദേശം. കാരണം കേവലം ഒരു ഡിഗ്രി എടുക്കുക എന്നതല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സമയം, പണം തുടങ്ങിയവ ശരിയായി ഉപയോഗിക്കാനും മറ്റ് മനുഷ്യരുമായി മാന്യമായി ഇടപഴകാൻ പഠിയ്ക്കാനുമൊക്കെയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് തന്നെ കുട്ടികൾ കോളേജുകളിൽപോയി പഠിയ്ക്കണമെന്നും ഇല്ല. മാത്രമല്ല, റെഗുലർ കോളേജുകളിൽ പോകുന്നവർക്ക് ജോലി ചെയ്യാൻ സമയവും കിട്ടുകയുമില്ല.

കുട്ടികൾ താമസം ആരംഭിക്കുന്ന സ്ഥലത്തുള്ള ഒരു വൈദികനെ അവരുടെ ആദ്ധ്യാത്മികോപദേഷ്ടാവായി എടുക്കണമെന്നും അദ്ദേഹവുമായി നിരന്തരം ബന്ധത്തിൽ ആയിരിക്കണം എന്നും പറഞ്ഞിട്ടുണ്ട്. മാത്രമല്ല ഒരു ആദ്ധ്യാത്മിക ഡയറിയും കുട്ടികൾക്ക് കൊടുത്തിട്ടുണ്ട്. തങ്ങളുടെ ആദ്ധ്യാത്മിക കൃത്യങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ അതിൽ അവർ രേഖപ്പെടുത്തണം. അങ്ങനെ തന്റെ വൈദികദൈവവിളി ഈ കാലഘട്ടത്തിൽ തിരിച്ചറിയാൻ കുട്ടികൾ പ്രാപ്തരാകണം. പുറത്തുള്ള ജീവിതം നേരിൽ കണ്ട് ജീവിച്ച ശേഷം അവർക്ക് വൈദികജീവിതത്തോട് ആകർഷണം തോന്നുന്നുവെങ്കിൽ അത് യഥാർത്ഥമായിരിക്കാനാണ് സാധ്യത.

നമ്മുടെ രൂപതയ്ക്കായി ഈ വർഷം 48 മൈനർ സെമിനാരിക്കാരും 40 മേജർ സെമിനാരിക്കാരും ആണ് ഉള്ളത്. അതുപോലെ 22 പേർ തങ്ങളുടെ ബിരുദാനന്തരബിരുദപഠനവും നടത്തുന്നുണ്ട്. അവരിൽ 5 പേർ അടുത്ത സ്കൂൾ വർഷത്തിൽ തിരികെ വന്ന് ദൈവശാസ്ത്രപഠനത്തിനായി ഒരുങ്ങുന്നുണ്ട്.

മുൻകാലങ്ങളിൽ സെമിനാരിയിലെ ചെലവുകൾ വഹിച്ചിരുന്നത് ചില വിദേശ ഏജൻസികളുടെ സഹായത്താലായിരുന്നു. എന്നാൽ ആഗോളസാമ്പത്തികമാന്ദ്യവും മറ്റും മൂലം ഈ ഏജൻസികൾക്ക് കിട്ടുന്ന സംഭാവനകൾ വളരെയേറെ കുറഞ്ഞു പോയി. അതിനാൽ അവർ തരുന്ന തുകകൊണ്ട് മാത്രം കുട്ടികളുടെ ചെലവുകൾ നടക്കുകയില്ല. പ്രാദേശികമായി നാം പണം കണ്ടെത്തിയേ മതിയാകൂ. മൈനർ സെമിനാരിയിൽ ഒരു കുട്ടിയ്ക്ക് ഏകദേശം 30000 രൂപയും മേജർ സെമിനാരിയിൽ ഏകദേശം 35000 രൂപയും ചെലവാകുന്നു. അതിൽ മേജർ സെമിനാരിയിലേക്ക് ഒരു വിദ്യാർത്ഥിക്ക് രൂപതയിൽ നിന്നും 25000 രൂപ കൊടുക്കേണ്ടതുണ്ട്. അങ്ങനെ ഒരു വർഷം നമുക്കാവശ്യം ഏകദേശം 25 ലക്ഷം രൂപയാണ്. ഏതാനും വ്യക്തികൾ ഇപ്പോൾ തന്നെ കുട്ടികളുടെ ചെലവിലേയ്ക്ക് സംഭാവനകൾ തരുന്നുണ്ട്. അതുപോലെ ഏതാനും ചില സന്യാസിനീസമൂഹങ്ങളും അങ്ങനെ ചെയ്യുന്നുണ്ട്. അവരെയെല്ലാം ഏറെ നന്ദിയോടെ ഓർക്കുന്നു. എന്നാൽ അവർ തരുന്നതുകൊണ്ട് ഭാഗികമായി മാത്രമേ ചെലവുകൾ നടത്താൻ കഴിയുന്നുള്ളൂ എന്നതുകൊണ്ട് നാം ഇനിയും ഇക്കാര്യത്തിൽ കൂടുതൽ ഉദാരമതികളാകേണ്ടിയിരിക്കുന്നു.

പല വേദികളിലും ഇക്കാര്യം നമ്മൾ ചർച്ച ചെയ്ത് കഴിഞ്ഞു. വൈദികവിദ്യാർത്ഥികളുടെ പരിശീലനച്ചെലവ് ഇടവകകൾ പങ്കുവയ്ക്കുക എന്ന ആശയത്തിലാണ് ഒടുവിൽ നാം എത്തിച്ചേർന്നിരിക്കുന്നത്. ചില ഇടവകകൾ ഇപ്പോൾ തന്നെ ഒരു കുട്ടിയ്ക്ക് ആവശ്യമായ തുക സമാഹരിച്ച് ഓരോ വർഷവും തരുന്നുണ്ട്. അങ്ങനെ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ തുക കിട്ടത്തക്കവിധം എല്ലാ ഇടവകകളും സഹകരിക്കണം എന്നാണ് തീരുമാനം. അതേപ്പറ്റി വിശദമായി പിന്നീട് അറിയ്ക്കുന്നതാണ്.

ഏതാനും വർഷമായി വൈദികവിദ്യാർത്ഥികളുടെ പരിശീലനച്ചെലവിനായി നാം ഒരു പൊതുസംഭാവനസമാഹരണം നടത്തുന്നുണ്ടല്ലോ. ഈ വർഷം ഫെബ്രുവരി മാസം 28 -ാം തീയതിയാണ് നടത്തേണ്ടത്. ഇക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൂട്ടി പള്ളിയിൽ പറയുകയും അന്നേദിവസം കിട്ടുന്ന തുക എത്രയും വേഗം രൂപതാകേന്ദ്രത്തിൽ എത്തിയ്ക്കാൻ ശ്രമിക്കുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സംഭാവനകൾക്ക് മുൻകൂട്ടി നന്ദി പറയുന്നു. നിങ്ങൾ

കൊടുക്കുന്ന ഓരോ പൈസയും നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകളാകും എന്നത് നിസ്സംശയമാണ്. നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും വലിയ അനുഗ്രഹങ്ങൾ അതു വഴി ലഭ്യമാകും. നിങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റാൻ ആവശ്യത്തിന് വൈദികർ ഉണ്ടാകുകയും ചെയ്യും. ഉദാരമായി ഏവരും സംഭാവന ചെയ്യുക. കർത്താവിന്റെ കൃപ നിങ്ങളോടുകൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകേന്ദ്രത്തിൽ നിന്ന് 2010 ജനുവരി മാസം 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ഫെബ്രുവരി 21 -ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# വൈദീകവർഷം

## 2009 ജൂൺ 19 – 2010 ജൂൺ 19

**നമ്മുടെ വിചിന്തനത്തിന്**

"വൈദികരെ അത്മായരുടെ ഇടയിൽ നിയമിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം എല്ലാവരേയും സ്നേഹത്തിന്റെ ഐക്യത്തിലേയ്ക്കാനയിക്കുകയാണ്. അവർ സഹോദര സ്നേഹത്തോടുകൂടി പരസ്പരം വർത്തിക്കുകയും അന്യോന്യം മുൻഗണന നൽകാൻ സന്നദ്ധരായിരിക്കുകയും" (റോമ 12:10) വേണം. വിശ്വാസികളുടെ സമൂഹത്തിൽ താനൊരന്യനാണെന്ന ബോധം ഒരുത്തനും ഉണ്ടാകാത്തവിധം അഭിപ്രായഭിന്നതകൾ പറഞ്ഞു തീർക്കേണ്ടതു വൈദികരുടെ കർത്തവ്യമാണ്. പൊതുനന്മയുടെ കാവൽക്കാരായി, മെത്രാന്റെ നാമത്തിൽ നിയമിതരായിരിക്കുന്നവരാണവർ. തെറ്റായ ആശയഗതികൾക്കൊത്ത് വിശ്വാസികൾ പതറിപ്പോകാതിരിക്കത്തക്കവിധം സത്യത്തെ സംരക്ഷിക്കുന്നവരും സധൈര്യം ഏറ്റുപറയുന്നവരുമാണവർ. കൗദാശിക ജീവിതവും, ഒരുപക്ഷേ വിശ്വാസംതന്നെയും പരിത്യജിച്ചവരും, ഇവരുടെ സവിശേഷശ്രദ്ധയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. നല്ല ഇടയനെപ്പോലെ അവരെ അന്വേഷിച്ചിറങ്ങുന്നതിൽ അവർ പരാങ്മുഖരാകരുത്.

(രണ്ടാം വത്തിക്കാൻ സൂനഹദോസ്, പ്രമാണരേഖ വൈദികർ-9.) കൗൺസിലിന്റെ പഠനങ്ങൾ നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കാം.

**അഖണ്ഡ ആരാധന നടത്തേണ്ട സ്ഥലങ്ങൾ**

| Date | | Name of Parish / Institution |
|---|---|---|
| March | 1 | MSMI Convent, Marakavu |
| " | 2 | SCV Convent, Marakadavu |
| " | 3 | SABS Convent, Mullankolly |
| " | 4 | CMC Convent, Padichira |

| | | |
|---|---|---|
| " | 5 | SKD Convent, Pattanikoop |
| " | 6 | SH Convent, Pulpally |
| " | 7 | MSMI Convent, Pulpally |
| " | 8 | CMC Convent, Pulpally |
| " | 9 | SABS Convent, Pulpally |
| " | 10 | FC Convent, Seethamount |
| " | 11 | SABS Convent, Sisumala |
| " | 12 | FC Convent, Arinchermala |
| " | 13 | CMC Convent, Arinchermala |
| " | 14 | CFMSS Convent, Arinchermala |
| " | 15 | Pushpagiri Ashram, Panamaram |
| " | 16 | SJL Convent, Cherukattoor |
| " | 17 | MSJ Convent, Cherukattoor |
| " | 18 | SKD Convent, Chundakkara |
| " | 19 | SKD Convent, Kalluvayal |
| " | 20 | CMC Convent, Kenichira |
| " | 21 | CMC Provincial House, Nadavayal |
| " | 22 | CMC Study House, Nadavayal |
| " | 23 | CMC Balabhavan, Nadavayal |
| " | 24 | St. Ann's Convent, Nadavayal |
| " | 25 | La Salette Ashram, Nadavayal |
| " | 26 | Padre Pio Capuchin Ashram, Panamaram |
| " | 27 | FC Convent, Paralikkunnu |

**ഫാ. ബെന്നി മുതിരക്കാലായിൽ**
കൺവീനർ, വൈദീകവർഷാചരണ കമ്മിറ്റി

# ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

വിവാഹ ആശീർവ്വാദത്തെയും വിവാഹ ആഘോഷത്തെയും സംബന്ധിച്ച് 2009 ഡിസംബറിൽ കെ.സി.ബി.സി. നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ രൂപതയിൽ പാലിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് ചില വിശദീകരണങ്ങൾ നൽകുവാൻ ആഗ്രഹിക്കുന്നു. കെ.സി.ബി.സി. യുടെ ചില നിർദ്ദേശങ്ങളിൽ അതാത് രൂപതകളിലെ കീഴ്‌വഴക്കങ്ങൾ പാലിക്കേണ്ടതാണ് എന്ന് വ്യക്തമായ ചില നിർദ്ദേശങ്ങളോടെ സൂചിപ്പിച്ചിരിക്കുന്നതുകൊണ്ട് നമ്മുടെ രൂപതയിലെ അജപാലനപരമായ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ഈ നിർദ്ദേശങ്ങൾ നൽകുന്നത്.

**1. വിവാഹത്തിനൊരുക്കം**

വിവാഹത്തിനൊരുക്കമായി യുവതീയുവാക്കൾ വിവാഹമെന്ന കൂദാശയെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചും ആവശ്യമായ അറിവ് നേടിയെന്ന് ബഹു. വികാരിയച്ചന്മാർ ഉറപ്പുവരുത്തണം. വിവാഹം തീരുമാനിക്കുന്നതിനുമുമ്പ് വിവാഹത്തിനൊരുക്കമായ കോഴ്സിൽ സംബന്ധിക്കുവാൻ ബഹു. വികാരിയച്ചന്മാർ യുവതീയുവാക്കളെ പ്രോത്സാഹിപ്പിക്കണം. വിദേശത്ത് ജോലിയുള്ളവർ അവധിക്ക് നാട്ടിൽ വരുമ്പോൾ മുൻകൂട്ടി കോഴ്സിൽ സംബന്ധിക്കാൻ ശ്രദ്ധിക്കുക. ഇക്കാര്യം ഇടയ്ക്ക് പള്ളിയിൽ അറിയിക്കുന്നത് നന്നായിരിക്കും. വിവാഹത്തിനൊരുക്കമായ കോഴ്സിൽ നിന്നും ഒഴിവുനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രൂപതാ കച്ചേരിയിൽ സമർപ്പിക്കുന്ന അപേക്ഷയിൽ സാധാരണഗതിയിൽ ഇപ്പോൾ അനുവാദം നൽകുകയില്ല. അതിനാൽ വളരെ ഗൗരവതരമായ കാരണങ്ങൾ ഉണ്ടെങ്കിലും വിവാഹത്തിനുശേഷം വ്യക്തി കോഴ്സ് സർട്ടിഫിക്കറ്റ് രൂപതാ കച്ചേരിയിൽ ഹാജരാക്കാമെന്ന് ബഹു. വികാരിയച്ചന് ഉറപ്പുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. ഇപ്രകാരം ബഹു. വികാരിയച്ചന്റെ ശുപാർശയോടുകൂടി അയയ്ക്കുന്ന അപേ

ക്ഷകർ കോഴ്സ് കൂടി എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ബഹു. വികാരിയച്ചനുണ്ട്. ബഹു. വികാരിയച്ചന്റെ ശുപാർശ ലഭിച്ചാലും തക്ക തായ കാരണം ഇല്ലെങ്കിൽ അനുവാദം നിരസ്സിക്കാവുന്നതാണ്.

നമ്മുടെ രൂപതയിൽ വിവാഹത്തിനൊരുക്കമായി നടത്തുന്ന കോഴ്സ് വളരെ ഫലപ്രദവും പ്രയോജനകരവുമാണെന്ന് മറ്റു രൂപതാം ഗങ്ങൾ പോലും സാക്ഷ്യപ്പെടുത്തുന്നു. അതിനാൽ കഴിയുന്നത്ര നമ്മുടെ രൂപതയിൽ നടത്തുന്ന കോഴ്സിൽ സംബന്ധിക്കുവാൻ യുവ തീയുവാക്കന്മാരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇത് സാധിക്കാതെ വരുന്ന അവസരത്തിലും ഗൗരവമായ കാരണങ്ങൾ ഉള്ളപ്പോഴും മറ്റ് രൂപതകൾ നടത്തുന്ന കോഴ്സിൽ സംബന്ധിക്കാവുന്നതാണ്. എന്നാൽ കേരളത്തിനും പുറത്തും വിദേശത്തും കെ.സി.ബി.സി. അംഗീകരിച്ച സിലബസ് ഇല്ലാത്ത കോഴ്സുകളുടെ സർട്ടിഫിക്കറ്റ് അംഗീകരിക്കുവാൻ പാടുള്ളതല്ല. മനസ്സമ്മതത്തിനുമുൻപായി വിവാഹത്തിനുള്ള അപേക്ഷാ ഫോറം കൃത്യമായി പൂരിപ്പിച്ച് കക്ഷിയിൽ നിന്നും വാങ്ങി ഇടവക ഫയ ലിൽ സൂക്ഷിക്കേണ്ടതാണ്.

**2. നമസ്കാരം കേൾക്കൽ**

വിവാഹമെന്ന കൂദാശ സ്വീകരിക്കുവാനായി തയ്യാറെടുക്കുന്ന യുവതീയുവാക്കളെ ബഹു. വികാരിയച്ചന്മാർ വ്യക്തിപരമായി കാണു കയും കൂദാശകളെക്കുറിച്ചും പ്രത്യേകിച്ച് വിവാഹമെന്ന കൂദാശയെ ക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചും ക്രൈസ്തവജീവിതത്തെക്കു റിച്ചും നമസ്കാരങ്ങളെക്കുറിച്ചുമൊക്കെയുള്ള അവരുടെ അറിവ് പരി ശോധിക്കേണ്ടതും വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും കൊടുക്കേ ണ്ടതും വിവാഹത്തിനായുള്ള അവരുടെ പൂർണ്ണസമ്മതത്തെക്കുറിച്ച് ചോദിച്ചറിയേണ്ടതുമാണ്. വിവാഹത്തിന്റെ കർമ്മത്തെക്കുറിച്ചുള്ള (Liturgical Ceremony) പ്രായോഗിക കാര്യങ്ങൾ പറഞ്ഞുകൊടുക്കുവാനും ഈ അവസരം പ്രയോജനപ്പെടുത്തണം. കോഴ്സിൽ സംബന്ധിക്കു ന്നത് നമസ്കാരം കേൾക്കുന്നതിന് പകരമാവില്ല.

**3. അവിവാഹിതാവസ്ഥ സംബന്ധിച്ച സാക്ഷ്യപത്രം**

പ്രായപൂർത്തിയായാൽ 6 മാസത്തിലേറെക്കാലം രൂപതയ്ക്ക് വെളിയിൽ മാത്രമല്ല ഇടവകയ്ക്ക് വെളിയിൽ താമസിച്ചാൽ, അക്കാല യളവിൽ തങ്ങൾ വിവാഹം നടത്തിയിട്ടില്ലെന്ന് തെളിയിക്കുന്ന സാക്ഷ്യ പത്രം (Free State Certificate) അവർ താമസിച്ച സ്ഥലത്തെ ബഹു. വികാ രിയച്ചനിൽ നിന്ന് വാങ്ങിച്ച് ഹാജരാക്കണം. ഒന്നിലേറെ സ്ഥലത്ത് പ്രായ

പൂർത്തിയായതിനുശേഷം താമസിച്ചിട്ടുണ്ടെങ്കിൽ ഏറ്റവും ഒടുവിൽ ആറു മാസത്തിലേറെ എവിടെ താമസിച്ചോ അവിടുത്തെ വികാരിയച്ചനിൽ നിന്നാണ് സർട്ടിഫിക്കറ്റ് കൊണ്ടുവരേണ്ടത്.

താമസിക്കുന്ന സ്ഥലത്ത് കത്തോലിക്കാ ദേവാലയവും വൈദികരും ഇല്ലാത്ത സാഹചര്യത്തിൽ മാത്രം (ഉദാ: സൗദി അറേബ്യ) അവർ ജോലിചെയ്യുന്ന സ്ഥാപനത്തിലെ അധികാരികളുടെയോ, അല്ലായെങ്കിൽ വിശ്വാസ്യതയുള്ള ഒരധികാരിയുടേയോ ഒരു സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ഇതും സാധ്യമല്ലാത്ത സാഹചര്യത്തിൽ നാളിതുവരെ സിവിൽപരമായോ മതപരമായോ മറ്റേതെങ്കിലും വിധത്തിലോ ഉള്ള വിവാഹബന്ധത്തിൽ ഏർപ്പെട്ടിട്ടില്ലായെന്ന് ഒരു സത്യവാങ്മൂലം (Affidavit) പബ്ലിക്ക് നോട്ടറിയുടെ ഒപ്പോടെ നൽകേണ്ടതാണ്.

ഒന്നിലധികം സ്ഥലങ്ങളിൽ താമസിച്ചവർ അവസാനമായി താമസിച്ച സ്ഥലത്തെ വികാരിയിൽനിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതോടൊപ്പം ഇതുവരെ സിവിൽപരമായോ, മതപരമായോ, മറ്റേതെങ്കിലും വിധത്തിലോ ഉള്ള വിവാഹബന്ധത്തിൽ ഏർപ്പെട്ടിട്ടില്ലായെന്ന് പബ്ലിക് നോട്ടറിയുടെ ഒപ്പോടുകൂടിയ ഒരു സത്യവാങ്മൂലവും (Affidavit) സമർപ്പിക്കേണ്ടതാണ്.

**4. വിവാഹ വാഗ്ദാനം**

വിവാഹാർത്ഥികൾക്ക് പരസ്പരം പരിചയപ്പെടാനും മനസ്സിലാക്കാനും വിവാഹവാഗ്ദാനം അവസരം നൽകുന്നുണ്ട്. അതിനാൽ അത് പ്രോത്സാഹിപ്പിക്കേണ്ടതാണ്. പക്ഷേ വിവാഹ വാഗ്ദാനം വലിയ ആഘോഷമാക്കുന്നത് പല കുടുംബങ്ങൾക്കും സാമ്പത്തിക ഭാരമായിത്തീരുന്നതുകൊണ്ട് കഴിയുന്നതും ലളിതമായി വിവാഹവാഗ്ദാനം നടത്തേണ്ടതാണ്. ചില ലത്തീൻ രൂപതകളിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കാനായി വിവാഹവാഗ്ദാനം ഒഴിവാക്കിയിട്ടുണ്ട്. അങ്ങനെയുള്ള രൂപതകളിൽ നിന്നും വിവാഹപരസ്യക്കുറി ലഭിച്ചാൽ രൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടെ വിവാഹവാഗ്ദാനം ഇല്ലാതെതന്നെ വിവാഹപരസ്യം നടത്താവുന്നതാണ്. അതിനായി ബഹു. വികാരിയച്ചന്റെ ശുപാർശയോടെ രൂപതാകച്ചേരിയിൽ അപേക്ഷ സമർപ്പിച്ച് അനുവാദം വാങ്ങേണ്ടതാണ്.

**5. വിവാഹപരസ്യം**

വിവാഹത്തിന് കാനോനികമായി എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അറിയുന്നതിനും കൂദാശയുടെ ഭദ്രതയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അവസരം ലഭിക്കുന്നതിനുംവേണ്ടിയാണ്

വിവാഹപരസ്യം നടത്തുന്നത്. പരസ്യപ്പെടുത്തുന്ന വിവാഹത്തിന് എന്തെങ്കിലും തടസ്സമുണ്ടെന്ന് ബോധ്യമുള്ളവർക്ക് അക്കാര്യം ബഹു. വികാരിയെ യഥാസമയം അറിയിക്കുവാനുള്ള കടമയുണ്ടെന്ന കാര്യം ദൈവജനത്തെ ഓർമ്മപ്പെടുത്തേണ്ടതാണ്.

വിളിച്ചുചൊല്ലൽ അഥവാ വിവാഹപരസ്യം വളരെ ഗൗരവമായി ത്തന്നെ കാണണം. ന്യായവും തൃപ്തികരവുമായ കാരണങ്ങൾ ഉള്ള പ്പോൾ മാത്രമേ വിളിച്ചുചൊല്ലൽ കുറച്ച് വിവാഹം നടത്താവൂ. തക്ക കാരണങ്ങൾ ഉണ്ടെങ്കിൽ ഒരു പ്രാവശ്യം വിളിച്ചുചൊല്ലലിൽ നിന്ന് ബഹു. വികാരിയച്ചനും രണ്ടെണ്ണത്തിൽ നിന്ന് ഫൊറോന വികാരിക്കും ഒഴിവു നൽകാവുന്നതാണ്. അതിനാൽ ഒന്നു വിളിച്ചുചൊല്ലി വിവാഹം നടത്തുവാൻ ഫൊറോന വികാരിയെയാണ് സമീപിക്കേണ്ടത്.

ഒരുപ്രാവശ്യം വിളിച്ചുചൊല്ലി വിവാഹം ആശീർവ്വദിക്കുവാൻ അനുവാദം വാങ്ങിക്കുകയാണെങ്കിൽ വിവാഹപരസ്യത്തിനു ശേഷം ചുരുങ്ങിയത് 5 ദിവസത്തെ ഇടവേളയെങ്കിലും ഉണ്ടാകണം. അതായത് ശനിയാഴ്ച ഒത്തുകല്യാണം നടത്തി ഞായറാഴ്ച വിളിച്ചുചൊല്ലി തിങ്ക ളാഴ്ച വിവാഹം ആശീർവ്വദിക്കുന്നത് ഒഴിവാക്കേണ്ടതാണ്. വളരെ ഗൗര വതരമായ കാരണങ്ങൾ ഉള്ളപ്പോൾ രൂപതാ കച്ചേരിയിൽ നിന്നുള്ള അനുവാദത്തോടെ മാത്രമേ ഇപ്രകാരം വിവാഹം ആശീർവ്വദിക്കാവൂ. തക്കകാരണങ്ങൾ ഉള്ളപ്പോൾ ഞായറാഴ്ച വിളിച്ചുചൊല്ലി വ്യാഴാഴ്ച വിവാഹം ആശീർവ്വദിക്കാവുന്നതാണ്. ഇതിന് ഫൊറോന വികാരിയച്ച നിൽ നിന്ന് അനുവാദം വാങ്ങേണ്ടതാണ്. ബന്ധുക്കൾക്ക് മനസ്സമ്മത ത്തിനും വിവാഹത്തിനും സംബന്ധിക്കാനുള്ള കേവലം സൗകര്യത്തെ പ്രതി 5 ദിവസത്തെ ഇടവേളയ്ക്കുമുൻപ് വിവാഹം ആശീർവ്വദിക്കു വാൻ അനുവാദം ചോദിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ പാടുള്ളതല്ല. വിവാഹ അർത്ഥികളുടെ ജോലിസാഹചര്യങ്ങളോ മറ്റ് ഗുരുതരമായ സാഹചര്യങ്ങളോ ഉള്ളപ്പോൾ മാത്രമേ ഇപ്രകാരം അനുവദിക്കാവൂ.

**6. മനസ്സമ്മതത്തിനുമുൻപ് വിളിച്ചുചൊല്ലൽ**

മൂന്നു വിളിച്ചുചൊല്ലൽ ഉറപ്പാക്കുന്നതിനായി വിവാഹ വാഗ്ദാന ത്തിനുമുൻപ് വിളിച്ചുചൊല്ലൽ നടത്താവുന്നതാണ്. ഇതിനായി വിവാഹ അർത്ഥികൾ ഇരുവരും അവരുടെ മാതാപിതാക്കളുടെയും വികാരിമാ രുടേയും ശുപാർശയോടുകൂടി വരന്റെ ഫൊറോന വികാരിയ്ക്ക് രേഖാ മൂലം അപേക്ഷ നൽകണം. അപേക്ഷയിൽ അനുവാദം നൽകുന്ന ഫൊറോന വികാരി ഇരു കക്ഷികളുടെയും (വരന്റെയും വധുവിന്റെയും)

വികാരിമാർക്ക് അനുവാദത്തിന്റെ കോപ്പി നൽകേണ്ടതും ഒരു കോപ്പി ഫൊറോന പള്ളിയിൽ സൂക്ഷിക്കേണ്ടതുമാണ്. ഇതിനായി അപേക്ഷ യുടെ മൂന്നു കോപ്പി ആവശ്യപ്പെടേണ്ടതാണ്. പ്രത്യേക സാഹചര്യങ്ങ ളിൽ (ഉദാ: വിദേശത്ത് ജോലിചെയ്യുന്നവർ) Fax ആയോ E-mail ആയോ അപേക്ഷ വികാരിയച്ചന് നൽകാവുന്നതാണ്. ഈ സാഹചര്യത്തിൽ വരൻ തന്റെ ഇടവക വികാരിയച്ചന്റെയും മാതാപിതാക്കളുടേയും ശുപാർശയോടെ തന്റെ ഫൊറോന വികാരിയിൽ നിന്നും വധു തന്റെ ഇടവക വികാരിയച്ചന്റെയും മാതാപിതാക്കളുടേയും ശുപാർശയോടെ സ്വന്തം ഫൊറോന വികാരിയിൽ നിന്നും അനുവാദം വാങ്ങിയാൽ മതി യാകും.

ഇപ്രകാരം വിവാഹവാഗ്ദാനത്തിനു മുൻപ് വിവാഹം വിളിച്ചു ചൊല്ലുവാൻ അനുവദിക്കുകയാണെങ്കിൽ വിവാഹത്തിന് ഒരാഴ്ച മുമ്പെ ങ്കിലും വിവാഹ വാഗ്ദാനം നടത്തിയിരിക്കണം. ഇല്ലായെങ്കിൽ ഫൊറോന വികാരിയച്ചനിൽ നിന്നും അനുവാദം വാങ്ങിയിരിക്കണം. മനസ്സമ്മതത്തിനുമുൻപ് വിളിച്ചുചൊല്ലൽ ആരംഭിക്കുന്ന സാഹചര്യ ത്തിലും മൂന്നു വിളിച്ചുചൊല്ലൽ നടത്തുന്ന സാഹചര്യത്തിലും തക്ക തായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രം വ്യാഴാഴ്ച മനസ്സമ്മതം നടത്തി ശനിയാഴ്ച വിവാഹം ആശീർവ്വദിക്കുവാനും ശനിയാഴ്ച മനസ്സമ്മതം നടത്തി തിങ്കളാഴ്ച വിവാഹം ആശീർവ്വദിക്കുവാനും ബഹു. ഫൊറോന വികാരിയ്ക്ക് അനുവദിക്കാവുന്നതാണ്. വധൂവരന്മാർ വ്യത്യസ്ത വൈദിക മേലദ്ധ്യക്ഷന്മാർക്ക് കീഴ്പ്പെട്ടിരിക്കുന്നവരാണെങ്കിൽ ഒഴിവു നൽകേണ്ടത് വിവാഹം നടക്കുന്ന സ്ഥലത്തെ മേലദ്ധ്യക്ഷനാണ്. വിവാഹം നടക്കുന്നത് ഇരുവരുടെയും വിവാഹാധികാര അതിർത്തിയ്ക്ക് പുറത്തുവച്ചാണെങ്കിൽ വരന്റെ രൂപതാധ്യക്ഷനിൽ നിന്നാണ് അനുവാദം വാങ്ങേണ്ടത്.

**7. ഞായറാഴ്ചകളിലെ വിവാഹ ആശീർവ്വാദം**

കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കപ്പെടാനും മത ബോധന ക്ലാസുകൾക്ക് ഭംഗം വരാതിരിക്കാനും ഞായറാഴ്ചകളിലെ വിവാഹ ആശീർവ്വാദം തടസ്സമാകരുത്. തക്കതായ കാരണങ്ങൾ ഉണ്ടെ ങ്കിൽ രൂപതാ കച്ചേരിയിൽ നിന്നുള്ള അനുവാദത്തോടെ ദേവാലയ ത്തിലെ തിരുക്കർമ്മങ്ങൾക്കും മതബോധനപഠനത്തിനും തടസ്സംവ രാതെ മാത്രം വിവാഹം ആശിർവ്വദിക്കേണ്ടതാണ്. ഞായറാഴ്ച വിവാഹം

ആശിർവ്വദിക്കുവാൻ അനുവാദം നൽകപ്പെടുകയും സ്ഥലം വികാരിയ്ക്ക് അസൗകര്യം ഉണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ വിവാഹ അർത്ഥികൾ തന്നെ വിവാഹം ആശീർവ്വദിക്കുവാൻ മറ്റൊരു വൈദികനെ കണ്ടെത്തേണ്ടതാണ്.

**8. ആഗമന കാലത്തെയും നോമ്പുകാലത്തേയും വിവാഹ ആശീർവ്വാദം**

നമ്മുടെ രൂപതയിൽ വിവാഹ ആശീർവ്വാദവും മനസ്സമ്മതവും ആഗമനകാലത്തും നോമ്പുകാലത്തും ഒട്ടു പ്രോത്സാഹിപ്പിക്കുന്നില്ല. എങ്കിലും ന്യായമായതും ഗൗരവതരവുമായ കാരണങ്ങൾ ഉള്ളപ്പോൾ നോമ്പിന്റെ ചൈതന്യം കാത്തു സൂക്ഷിച്ചുകൊണ്ട് അനാർഭാടമായും മത്സ്യമാംസാദികൾ ഉപയോഗിക്കാതെയും വിവാഹ ആഘോഷങ്ങൾ നടത്താമെന്ന രേഖാമൂലമായ ഉറപ്പിൻമേൽ രൂപതാ കച്ചേരിയിൽ നിന്നുള്ള അനുവാദത്തോടെ മാത്രമേ മനസ്സമ്മതവും വിവാഹവും നട ത്തുവാൻ പാടുള്ളൂ.

**9. ആചാരങ്ങളിലെ വ്യത്യസ്തത**

വരന്റെയും വധുവിന്റേയും രൂപതകളിൽ വ്യത്യസ്തമായ ആചാ രങ്ങളാണുള്ളതെങ്കിൽ, വിവാഹം ആശീർവ്വദിക്കപ്പെടുന്ന രൂപതയുടെ ആചാരങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

**10. വിവാഹ ആശീർവ്വാദത്തിലെ ലാളിത്യം**

വിവാഹത്തോടനുബന്ധിച്ച് വലിയ ആഡംബരവും ധൂർത്തും, മദ്യ പാനം പോലും ഉണ്ടാകുന്നത് ക്രിസ്തീയ വിശ്വാസത്തിനു ചേർന്നത ല്ല. വിവാഹാഘോഷത്തിൽ മിതത്വം പാലിക്കാൻ എല്ലാവരും തയ്യാറാ കണം. ഇതിലേയ്ക്കായി ജനങ്ങളെ ബോധവത്ക്കരിക്കണം. കടം വാങ്ങി ച്ചുപോലും വിവാഹം ആഘോഷിച്ച് പാപ്പരാകുന്നവർ സമൂഹത്തിൽ കൂടിവരുന്നു. വിവാഹം ആർഭാടമാക്കി മാറ്റുന്നത് ധാർമ്മികമായി തെറ്റാ ണ്. സമ്പന്നർ തങ്ങളുടെ വിവാഹാവസരത്തിൽ വിവാഹം കഴിക്കാൻ സാമ്പത്തിക പരാധീനതയുള്ളവർക്ക് സഹായം ചെയ്യാൻ തയ്യാറാക ണം. സ്ത്രീധനം വാങ്ങിക്കുന്നതും കൊടുക്കുന്നതും ഭാരതത്തിലെ നിയ മപ്രകാരം ശിക്ഷാർഹമാണ്. ഇതേക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരി ക്കണം. മനസ്സമ്മതം വിവാഹംപോലെ വൻതോതിൽ ആഘോഷിക്കു ന്നത് നിരുത്സാഹപ്പെടുത്തണം.

**11. വിവാഹ രജിസ്ട്രേഷൻ**

വിവാഹം നടന്നു കഴിഞ്ഞാൽ ബന്ധപ്പെട്ട കക്ഷികൾ വിവാഹ

രേഖകൾ വികാരിയച്ചനിൽ നിന്ന് വാങ്ങി സർക്കാർ നിയമാനുസൃതം രജിസ്ട്രേഷൻ അതാത് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നടത്തേണ്ടതാണ്.

**12. മിശ്രവിവാഹം**

കത്തോലിക്കരും മാമ്മോദീസ സ്വീകരിച്ചിട്ടുള്ള അകത്തോലിക്കരും തമ്മിലുള്ള വിവാഹത്തെയാണ് മിശ്രവിവാഹമെന്നു പറയുന്നത്. ഇങ്ങനെയുള്ള വിവാഹത്തിന് രൂപതാദ്ധ്യക്ഷന്റെ അനുവാദം ആവശ്യമാണ്.

വ്യത്യസ്ത ക്രൈസ്തവ വിഭാഗത്തിൽപ്പെടുന്നവർ തമ്മിലുള്ള വിവാഹം കുടുംബഭദ്രതയെയും മക്കളുടെ വളർത്തലിനേയും ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള മാനസിക ഐക്യത്തേയും വിശ്വാസ ജീവിതത്തേയും സാരമായി ബാധിക്കുവാൻ സാധ്യതയുണ്ട്. ആയതിനാൽ വ്യത്യസ്ത ക്രൈസ്തവ വിഭാഗത്തിൽപ്പെടുന്നവരുമായി വിവാഹബന്ധത്തിലേർപ്പെടുന്നത് ബഹു. വികാരിമാർ നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഗൗരവമായ കാരണങ്ങൾ ഇല്ലായെന്ന് ബോധ്യപ്പെട്ടാൽ അനുവാദം നിരസിക്കുന്നതാണ്. മിശ്രവിവാഹങ്ങൾ നടത്തുവാനുള്ള അനുവാദത്തിനായി രൂപതാകച്ചേരിയിൽ അപേക്ഷ സമർപ്പിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

a) പ്രായപൂർത്തിയായ വ്യക്തിയെന്ന നിലയിൽ, ഒഴിച്ചുകൂടാനാവാത്ത ഗൗരവതരമായ കാരണങ്ങൾ ഉള്ളപ്പോൾ ബന്ധപ്പെട്ട കത്തോലിക്കാ യുവാവോ യുവതിയോ എടുക്കുന്ന ഉത്തരവാദിത്വപൂർണ്ണമായ തീരുമാനമായിരിക്കണം. അതിനാൽ മിശ്രവിവാഹത്തിനൊരുങ്ങുന്ന കത്തോലിക്കാ യുവാവ്/ യുവതി സ്വന്തം കൈപ്പടയിലാണ് അപേക്ഷ എഴുതേണ്ടത്. മാതാപിതാക്കളോ മറ്റാരെങ്കിലുമോ അല്ല അപേക്ഷ എഴുതേണ്ടത്.

b) കത്തോലിക്ക യുവാവ് / യുവതി താൻ ഈ വിവാഹശേഷം കത്തോലിക്കാ വിശ്വാസത്തിൽ തുടരുന്നതാണെന്നും തന്റെ വിശ്വാസത്തിന് കോട്ടം വരുത്തിയേക്കാവുന്ന പ്രതികൂല സാഹചര്യങ്ങളെല്ലാം ഒഴിവാക്കുന്നതിന് തയ്യാറാണെന്നുമുള്ള പ്രതിജ്ഞയും അപേക്ഷയിൽ ഉണ്ടായിരിക്കണം.

c) തന്റെ വിവാഹത്തിൽ നിന്നുണ്ടാകുന്ന സന്താനങ്ങളെ കത്തോലിക്കാ വിശ്വാസത്തിൽ വളർത്തിക്കൊള്ളാമെന്നും കത്തോലിക്കാ സഭയിൽ മാമ്മോദീസയും ശിക്ഷണവും നൽകി വളർത്തുന്നതി

നുവേണ്ട എല്ലാ ഒത്താശകളും തന്റെ കഴിവിന്റെ പരമാവധി ചെയ്യുന്നതാണെന്ന ആത്മാർത്ഥമായ വാഗ്ദാനവും അപേക്ഷയിൽ കാണിച്ചിരിക്കണം.

d) കത്തോലിക്കാ യുവാവ്/ യുവതി ചെയ്യേണ്ടതായ വാഗ്ദാനവും കടമകളും സംബന്ധിച്ച് മറുഭാഗം യുവാവ് / യുവതി ബോധവാനോ / ബോധവതിയോ ആയിരുന്നുവെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് മറുഭാഗം യുവാവ് / യുവതി അപേക്ഷയുടെ ഒടുവിൽ "അപേക്ഷ കണ്ടു ബോധ്യപ്പെട്ടു" എന്നെഴുതി ഒപ്പുവയ്ക്കേണ്ടതാണ്.

e) കത്തോലിക്കരും അകത്തോലിക്കരും (മലങ്കര സിറിയൻ ഓർത്തഡോക്സ് അഥവാ ബാവാകക്ഷി ഒഴികെ) തമ്മിലുള്ള വിവാഹം കത്തോലിക്കാ പള്ളിയിൽ വച്ച് നടത്താനേ സാധാരണ അനുവദിക്കുകയുള്ളു. അകത്തോലിക്കാ പള്ളിയിൽ വച്ച് വിവാഹം നടത്തുവാൻ ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമേ അനുവാദം നൽകുകയുള്ളൂ. അതിനുള്ള അനുവാദം മേജർ ആർച്ചുബിഷപ്പാണ് നൽകേണ്ടത്. എന്നാൽ അപേക്ഷ രൂപതാ മെത്രാന് സമർപ്പിക്കണം. അപേക്ഷകൾ സമർപ്പിക്കുമ്പോൾ അകത്തോലിക്കാ വിഭാഗത്തിൽപ്പെട്ട വ്യക്തിയുടെ രൂപത, ഇടവകയുടെ പേര്, വീട്ടുപേര്, മാതാപിതാക്കളുടെ പേര്, ഏത് പള്ളിയിൽ വച്ച് വിവാഹം ആശീർവ്വദിക്കുന്നു എന്നുള്ള കാര്യങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തണം. ഗൗരവമായ കാരണങ്ങൾ ഇല്ലെങ്കിൽ അപേക്ഷ നിരസിക്കപ്പെടാവുന്നതാണ്.

f) കത്തോലിക്കരും മലങ്കര സിറിയൻ ഓർത്തഡോക്സ് (പാത്രിയാർക്കീസ് അഥവാ ബാവാകക്ഷി) തമ്മിലുള്ള വിവാഹമാണെങ്കിൽ അവരുടെ പള്ളിയിലോ നമ്മുടെ പള്ളിയിലോ വച്ച് നടത്തുവാൻ രൂപതാ മെത്രാന് അനുവദിക്കാവുന്നതാണ്. മാർപ്പാപ്പയും അന്ത്യോക്യായിലെ പാത്രിയാർക്കീസും തമ്മിൽ ഉണ്ടായിട്ടുള്ള ധാരണയുടെ അടിസ്ഥാനത്തിലാണിത്.

g) മിശ്രവിവാഹത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് മുൻപായി ക്രൈസ്തവ വിവാഹത്തിന്റെ സാരവത്തായ ഉദ്ദേശ്യലക്ഷ്യങ്ങളെയും ഉത്തരവാദിത്വത്തെയും കുറിച്ച് കക്ഷികളെ ബഹു. വികാരിയച്ചന്മാർ ബോധ്യപ്പെടുത്തണം.

h) സാധുവായ പൗരോഹിത്യമുള്ള സഭയിൽപ്പെടാത്ത അകത്തോലിക്കനോ അക്രൈസ്തവനോ ആയിട്ടുള്ള വ്യക്തികളുമായുള്ള വിവാ

ഹത്തിന് വിവാഹ കർമ്മത്തോടുകൂടി ദിവ്യബലിയർപ്പിക്കുവാൻ പാടില്ല.

i) തക്കതായ കാരണങ്ങൾ ഇല്ലായെങ്കിൽ മിശ്രവിവാഹത്തിനുള്ള അനുവാദം നിരസിക്കപ്പെടാവുന്നതാണ്.

**13. വിവാഹം സാധൂകരിക്കൽ**

അസാധുവായ വിവാഹം സാധൂകരിക്കാൻ (Rectification of Marriage) അപേക്ഷ നൽകുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

a) സിവിൽ നിയമപ്രകാരം രജിസ്റ്റർ ചെയ്ത വിവാഹം സഭാപരമായി ആശീർവ്വദിക്കുവാനുള്ള അപേക്ഷയിൻമേൽ ചുരുങ്ങിയത് നാലു മാസത്തിനു ശേഷമേ നടപടികൾ ആരംഭിക്കുകയുള്ളൂ.

b) ഈ കാലയളവിൽ വിവാഹത്തിനൊരുക്കമായ കോഴ്സിലും ഒരു ധ്യാനത്തിലും അർത്ഥികൾ സംബന്ധിക്കുകയും രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കുകയും വേണം.

c) രജിസ്റ്റർ വിവാഹം ചെയ്തവരാണെങ്കിൽ രജിസ്റ്റർ വിവാഹ സർട്ടിഫിക്കറ്റിന്റെ കോപ്പിയും അപേക്ഷയോടൊപ്പം ഹാജരാക്കണം.

d) കക്ഷികൾ വ്യത്യസ്ത ഇടവകയിലോ രൂപതയിലോ പെട്ടവരാണെങ്കിൽ കക്ഷികളുടെ മാമ്മോദീസ സർട്ടിഫിക്കറ്റും കക്ഷിയുടെ വികാരിയച്ചന്റെ Non - objection certificate (NOC) ഉം ഹാജരാക്കണം.

**പൊതുവായ ചില നിർദ്ദേശങ്ങൾ**

1. വിവാഹം സംബന്ധിച്ച അനുവാദത്തിനായി അപേക്ഷകൾ സമർപ്പിക്കുമ്പോൾ അരമന പത്രത്തിന്റെ ഒരുഭാഗത്ത് മാത്രം എഴുതി 2 കോപ്പികൾ സമർപ്പിക്കേണ്ടതാണ്. അതിൽ ഒരു കോപ്പി Register Number ഉം മറ്റും ചേർത്തതിനുശേഷം ഇടവക ഫയലിൽ സൂക്ഷിക്കുവാനായി തിരിച്ചുതരുന്നതായിരിക്കും.
2. അഭിവന്ദ്യ പിതാവിനെ അഭിസംബോധന ചെയ്താണ് അപേക്ഷ നൽകേണ്ടത്.
3. അപേക്ഷ അയക്കുന്ന വ്യക്തിയുടെ പേരും വീട്ടുപേരും ഇടവകയും മാതാപിതാക്കളുടെ പേരും പൂർണ്ണ മേൽവിലാസവും വ്യക്തമായി ഉണ്ടായിരിക്കണം. (ഫോൺ നമ്പർ ഉണ്ടെങ്കിൽ അതും) അപേക്ഷകൾ ബന്ധപ്പെട്ട വ്യക്തികളാണ് എഴുതേണ്ടത്. മാതാപിതാക്കളോ മറ്റ് വ്യക്തികളോ അല്ല.

4. അനുവാദത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ ബഹു. വികാരിയുടെ അഭിപ്രായവും ശുപാർശയും രേഖപ്പെടുത്തി പേരെഴുതി ഒപ്പിട്ട് പള്ളിയുടെ മുദ്രയോടുകൂടി അയച്ചെങ്കിൽ മാത്രമേ സ്വീകരിക്കുകയുള്ളു. വികാരി റിപ്പോർട്ട് വിശദമായി എഴുതണം. ശുപാർശ ചെയ്യുന്നെങ്കിൽ അക്കാര്യം കൃത്യമായി എഴുതണം. കേവലം പേരെഴുതി ഒപ്പ് മാത്രം ഇട്ടാൽപോരാ.
5. കച്ചേരിയിൽ സമർപ്പിക്കുന്ന അപേക്ഷകൾക്കുള്ള മറുപടി സാധാരണഗതിയിൽ ബന്ധപ്പെട്ട വികാരിയച്ചൻമാർക്കാണ് അയച്ചുകൊടുക്കുക. അവർ അക്കാര്യം അപേക്ഷകരെ അറിയിക്കേണ്ടതാണ്.
6. അപേക്ഷകൾ സമർപ്പിക്കേണ്ടതിന് പാലിക്കേണ്ട നിർദ്ദേശങ്ങൾ പാലിക്കാതെ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾക്ക് മറുപടി ലഭിക്കുന്നതല്ല.
7. പ്രത്യേക അനുവാദം ആവശ്യമുള്ള വിവാഹത്തിന് തീയതി നിശ്ചയിക്കുന്നതിനുമുമ്പായി (പ്രത്യേകിച്ച് അകത്തോലിക്കരുമായുള്ള വിവാഹം അകത്തോലിക്ക പള്ളിയിൽ വച്ച് നടത്തുവാൻ) അനുവാദം എന്നത്തേയ്ക്ക് കിട്ടുമെന്ന് രൂപത കച്ചേരിയിൽ അന്വേഷിച്ചതിനുശേഷം മാത്രം വിവാഹത്തിന്റെ തീയതി നിശ്ചയിക്കുകയോ അല്ലായെങ്കിൽ അപേക്ഷ സമർപ്പിച്ചതിനുശേഷം ഒരുമാസത്തെയെങ്കിലും കാലാവധിക്ക് ശേഷം മാത്രം വിവാഹം നടത്തുവാൻ തീരുമാനിക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യത്തെക്കുറിച്ചും ബഹു. വികാരിയച്ചന്മാർ ദൈവജനത്തിന് പറഞ്ഞുകൊടുക്കണം.
8. എന്തെങ്കിലും സംശയമുണ്ടെങ്കിൽ രൂപതാ കച്ചേരിയുമായി ബന്ധപ്പെട്ടതിനുശേഷം മാത്രം അപേക്ഷ തയ്യാറാക്കി സമർപ്പിക്കുന്നത് പല പ്രായോഗിക ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ സഹായിക്കും.

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# രൂപതാകച്ചേരി വാർത്തകൾ

**2010-11 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ്**

എല്ലാ ഇടവകളുടെയും, സ്ഥാപനങ്ങളുടെയും ബഡ്ജറ്റ് തയ്യാറാക്കുന്ന ഈ വേളയിൽ ഏതാനും കാര്യങ്ങൾ ഓർമ്മിപ്പിക്കട്ടെ.

1) വികാരി, കൈക്കാരന്മാർ, കണക്കൻ എന്നിവർ ഒന്നിച്ചിരുന്ന് ബഡ്ജറ്റിന്റെ കരടുരൂപം തയ്യാറാക്കുക.

2) ഇപ്രകാരം തയ്യാറാക്കിയ കരട് രൂപം പാരീഷ് കൗൺസിലിൽ അവതരിപ്പിച്ച് വേണ്ട ഭേദഗതികളോടെ പാസ്സാക്കുക.
പാരീഷ് കൗൺസിൽ പാസ്സാക്കിയ ബഡ്ജറ്റ് വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കുക.

- ഓഡിറ്റിംഗിന് വരുമ്പോൾ ഈ ബഡ്ജറ്റും രൂപതാകേന്ദ്രത്തിൽ എത്തിക്കുക.
- ഓഡിറ്റിംഗിനുവരുമ്പോൾ നിർബന്ധമായും സാധനവിവരം രേഖപ്പെടുത്തിയ ബുക്ക് (Inventory) കാലോചിതമായി നവീകരിച്ച് അതിന്റെ കോപ്പികൂടി രൂപതയിൽ സമർപ്പിക്കേണ്ടതാണ്.
- ഓഡിറ്റിംഗിനു വരുമ്പോൾ പാസ്സ്ബുക്കുകൾ, F.D. രശീത്, ചെക്കുബുക്കുകൾ, ഇതരരശീതുകൾ, വൗച്ചറുകൾ, ബില്ലുകൾ എന്നിവയും കൊണ്ടുവരേണ്ടതാണ്. ചാർട്ടേർഡ് അക്കൗണ്ടന്റ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

**സ്നേഹസ്മരണ**

ഫെബ്രുവരി 15-ന് ബഹു. ജെയിംസ് കാട്ടൂരച്ചൻ.

**തിരുബാലസഖ്യദിനം - ഫെബ്രുവരി 14**

ഫെബ്രുവരി 14 തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അന്ന് കുഞ്ഞുങ്ങളുടെ പ്രവർത്തനമേഖലയായ തിരുബാലസഖ്യത്തിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിന്റെ ഭാഗമായി പ്രത്യേക

സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാകേന്ദ്രത്തിൽ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

## അഭിനന്ദനങ്ങൾ! പ്രാർത്ഥനാശംസകൾ!

## മാണ്ഡ്യാ നിയുക്തമെത്രാൻ - മോൺ. ജോർജ് ഞരളക്കാട്ട്

മാനന്തവാടി രൂപതയുടെ ആരംഭംമുതൽ രൂപതയുടെ വിവിധ സേവനരംഗങ്ങളിൽ ത്യാഗപൂർവ്വം അതുല്യസേവനം കാഴ്ചവച്ച്, അജപാലനരംഗത്ത് ഏറെ പരിചയസമ്പന്നനായ മോൺ. ജോർജ് ഞരളക്കാട്ട് 2010 ജനുവരി 18-ാം തീയതി പുതുതായി രൂപംകൊണ്ട കർണ്ണാടകയിലെ 3-ാമത്തെ സീറോ മലബാർ രൂപതയായ മാണ്ഡ്യ രൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടിരിക്കുന്നതിൽ മാനന്തവാടി രൂപത ഏറെ അഭിമാനിക്കുകയും സന്തോഷിക്കുകയും, നിയുക്തമെത്രാന് എല്ലാവിധ അനുമോദനാശംസകളും പ്രാർത്ഥനകളും നേരുകയും ചെയ്യുന്നു.

കോതമംഗലം രൂപതയിൽപ്പെട്ട കലയന്താനി ഇടവകയിൽ 1946 ജൂൺ 3-ാം തീയതിയാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന്റെ മാതാപിതാക്കൾ ഞരളക്കാട്ട് വർക്കി, മേരി എന്നിവർ സ്വർഗ്ഗത്തിലിരുന്നുകൊണ്ട് തങ്ങളുടെ പുത്രനെ ഓർത്ത് സന്തോഷിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ഏകസഹോദരൻ പീറ്ററും കുടുംബവും നടവയലിൽ താമസിക്കുന്നു. ഏകസഹോദരി എൽസമ്മ അമ്പലത്തിങ്കൽ ദ്വാരകയിലും. മോൺ. ഞരളക്കാട്ട് L.P., U.P. സ്കൂൾ വിദ്യാഭ്യാസം ആരക്കുഴയിൽ നടത്തി. 1960 ൽ അദ്ദേഹത്തിന്റെ കുടുംബം നടവയലിലേയ്ക്ക് കുടിയേറി. അതിനാൽ ഹൈസ്കൂൾ വിദ്യാഭ്യാസം നടവയൽ സെന്റ് തോമസ് ഹൈസ്കൂളിലാണ് നടത്തിയത്. പിന്നീട് അദ്ദേഹം മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് B.A. ബിരുദവും കരസ്ഥമാക്കി.

1963 മുതൽ 1965 വരെ അദ്ദേഹം തലശ്ശേരി രൂപതാ മൈനർ സെമിനാരിയിൽ പഠിച്ചു. തുടർന്ന് തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ ആലുവാ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ പൂർത്തിയാക്കി. 1971 ഡിസംബർ 20-ാം തീയതി തലശ്ശേരി മെത്രാനായിരുന്ന അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദീകപട്ടം സ്വീകരിച്ചു. പിന്നീട് അദ്ദേഹം 1983 സെപ്റ്റംബർ മുതൽ 1986 ഡിസംബർ വരെയുള്ള കാലഘട്ടത്തിൽ റോമിലെ പൊന്തിഫിക്കൽ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ നിന്ന് മതബോധനവിഷയങ്ങളിൽ ലൈസൻഷ്യേറ്റ് കരസ്ഥമാക്കി.

പൗരോഹിത്യ സ്വീകരണശേഷം തലശ്ശേരി അതിരൂപതയിലെ കണിച്ചാർ ഇടവകയിലാണ് അദ്ദേഹം അസ്തേന്തിയായി സേവനം ആരംഭിച്ചത്. (1972 മെയ് മുതൽ 1973 ഏപ്രിൽ വരെ). തുടർന്ന് 1973 ഏപ്രിൽ മുതൽ 1975 മെയ് വരെ അരിഞ്ചേർമല, കണിയാമ്പറ്റ ഇടവകകളുടെ വികാരിയായും, 1975 മെയ് മുതൽ 1977 ജനുവരി 7 വരെ വഞ്ഞോട് വികാരിയായും സേവനമനുഷ്ഠിച്ചശേഷം 1977 ജനുവരി മുതൽ 1983 സെപ്റ്റംബർവരെ രൂപതാ മിഷൻലീഗിന്റെ ഡയറക്ടറായും, മതബോധനത്തിന്റെ അസി.ഡയറക്ടറായും സേവനമനുഷ്ഠിച്ചു. പിന്നീട് 1987 ജനുവരി മുതൽ 1994 മെയ് മാസംവരെ രൂപതാപാസ്റ്ററൽ സെന്ററിന്റെയും മതബോധനത്തിന്റേയും ഡയറക്ടറായി സേവനം ചെയ്തു. 1994 മെയ് മുതൽ 1997 മാർച്ച് വരെ രൂപതാ പ്രൊക്കുറേറ്ററും ആറാട്ടുതറ ഇടവക വികാരിയുമായി സേവനമനുഷ്ഠിച്ച അച്ചൻ 1997 മാർച്ച് 1 മുതൽ 2003 ഏപ്രിൽ 22 വരെ രൂപതയുടെ വികാരിജനറാളായി സേവനമനുഷ്ഠിച്ചു. അഭിവന്ദ്യ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ മരണശേഷം 2003 ഏപ്രിൽ 23 മുതൽ 2004 മെയ് 15 വരെ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായും സേവനം അനുഷ്ഠിച്ചു. പിന്നീട് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനോടൊപ്പം 2004 മെയ് മാസം മുതൽ 2006 മെയ് മാസംവരെ രൂപതാ വികാരിജനറാളായി സേവനം തുടർന്നു. ഇതിനിടയിൽ 1977 മാർച്ച് 1 മുതൽ 2006 മെയ് 15 വരെ രൂപതയുടെ ഏക കോളേജായ മേരിമാതാ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ മാനേജരുമായിരുന്നു. 2006 മെയ് മാസം മുതൽ 2008 മെയ് മാസം വരെ നിലമ്പൂർ ഫൊറോനാപള്ളിയുടെ വികാരിയും റീജിയണൽ നവീകരണ പ്രസ്ഥാനത്തിന്റെ ഡയറക്ടറുമായി സേവനമനുഷ്ഠിച്ചശേഷം 2008 മെയ് മാസം മുതൽ കർണ്ണാടകയിൽ സ്ഥാപിതമായ സീറോമലബാർ രൂപതയായ ഭദ്രാവതിയുടെ പ്രഥമ വികാരിജനറാളായി അഭിവന്ദ്യ അരുമച്ചാടത്ത് പിതാവിനോടൊപ്പം സേവനമനുഷ്ഠിച്ചു വരുന്നതിനിടയിലാണ് മാണ്ഡ്യയുടെ മെത്രാനായി നിയമനം ലഭിച്ചിരിക്കുന്നത്.

4 മെത്രാന്മാരോടൊപ്പം രൂപതാ കേന്ദ്രങ്ങളിലും, ദീർഘകാലം സംഘടന, മതബോധനരംഗങ്ങളിലും, ഇടവകകളിലും സേവനം ചെയ്യാൻ ഭാഗ്യം ലഭിച്ച മോൺ. ഞരളക്കാട്ടിന്റെ വലിയ അനുഭവസമ്പത്ത് അദ്ദേഹത്തിന്റെ അജപാലന പ്രവർത്തനങ്ങൾ അനായാസമാക്കി തീർക്കുമെന്നതിന് സംശയമില്ല. അനേകം വൈദീകരേയും ദൈവജന

ത്തേയും വ്യക്തിപരമായി പേരുചൊല്ലി വിളിക്കാൻമാത്രം പരിചയമുള്ള മോൺ. ഞരളക്കാട്ട് പുതിയ രൂപതയ്ക്ക് ദൈവം നൽകിയ ഒരനുഗ്രഹ മാണ്. ബഹു. മോൺ ഞരളക്കാട്ടിന്റെ ഈ സ്ഥാനലബ്ധിയിൽ മാന ന്തവാടി രൂപത മുഴുവന്റെയും ഹൃദയം നിറഞ്ഞ സന്തോഷം ഒരി ക്കൽക്കൂടി അറിയിക്കുകയും മാനന്തവാടി രൂപതയ്ക്കുവേണ്ടി അദ്ദേഹം ചെയ്ത അതുല്യസേവനങ്ങൾക്ക് പ്രാർത്ഥനാപൂർവ്വം നന്ദിപറയുകയും ചെയ്യുന്നു.

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പ്രത്യേക അറിയിപ്പുകൾ

**1. രൂപതാ ഡയറക്ടറി**

2010 ലെ രൂപതാ ഡയറക്ടറി പ്രസിദ്ധീകരിച്ചിരിക്കുന്നു. കോപ്പി കൾ മാനന്തവാടി ബിഷപ്പ്സ് ഹൗസ്, മാനന്തവാടി സെന്റ് ജോസഫ്സ് ബുക്ക് സ്റ്റാൾ, ദ്വാരക ജൂബിലി ബുക്ക് സ്റ്റാൾ എന്നിവിടങ്ങളിൽ ലഭ്യ മാണ്.

**2. സ്മരണിക**

ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും സന്യസ്തസമൂ ഹങ്ങളും സ്മരണിക (Souvenir) പ്രസിദ്ധീകരിക്കുമ്പോൾ ദയവായി ഒരു കോപ്പി രൂപതാ രേഖാലയത്തിൽ (Archieve) സൂക്ഷിക്കുവാൻ രൂപതാ ചാൻസലറുടെ ഓഫീസിൽ എത്തിച്ചുതരണമെന്ന് അഭ്യർത്ഥി ക്കുന്നു. ഇതിനുമുമ്പ് പ്രസിദ്ധീകരിച്ച സ്മരണികകളുടെ കോപ്പികളു ണ്ടെങ്കിൽ ദയവായി ഒരു കോപ്പി എത്തിച്ചു തരേണ്ടതാണ്.

**3. സിനഡൽ ന്യൂസ്**

നമ്മുടെ രൂപതയിലെ ഏതാനും പള്ളികളിലേയ്ക്കും, സ്ഥാപന ങ്ങളിലേയ്ക്കും, മഠങ്ങളിലേയ്ക്കും സിനഡൽ ന്യൂസ് ഈ വർഷ ത്തേയ്ക്ക് (2010) അയയ്ക്കുന്നു. ഇതിന്റെ വരിസംഖ്യ രൂപതാ കേന്ദ്ര ത്തിൽ നിന്നും അടയ്ക്കുന്നതായിരിക്കും. വരുന്ന വർഷം (2011) സിന ഡൽ ന്യൂസ് വേണ്ടവർ നേരിട്ട് വരിസംഖ്യ അടച്ച് കോപ്പികൾ ഉറപ്പുവ രുത്തേണ്ടതാണ്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ



# റീജിയണൽ വാർത്തകൾ

## ഗൂഡല്ലൂർ റീജിയൺ

**മാതൃസംഗമം**

ഗൂഡല്ലൂർ റീജിയണിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള മാതൃ സംഘാംഗങ്ങളുടെ സംഗമം ഡിസംബർ 27-ാം തീയതി അരുൾ നില യത്ത് വെച്ച് നടക്കുകയുണ്ടായി. രൂപതാ ഡയറക്ടർ റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ വി.കുർബാന അർപ്പിച്ച് ക്ലാസുകൾ എടുത്തു. തുടർന്ന് കരോൾ-ഭക്തിഗാന മത്സരങ്ങളും, ബൈബിൾ ക്വിസും നടത്തി. അരുൾനിലയം, മച്ചിക്കൊല്ലി, കുന്നലാടി എന്നീ ഇടവകകൾ കരോൾ - ഭക്തിഗാന മത്സരങ്ങളിലും, കൽപ്ര, ധർമ്മഗിരി, ബെക്കി ഇടവകകൾ ബൈബിൾ ക്വിസിലും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. സമാപന സമ്മേളനത്തിൽ റീജിയണൽ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കുന്നത്ത് അദ്ധ്യക്ഷനായിരുന്നു. റവ.ഫാ. മാത്യു മാടപ്പ ള്ളിക്കുന്നേൽ സമ്മാനദാനം നിർവ്വഹിച്ചു. CYM ഗൂഡല്ലൂർ റീജിയന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 26-ാം തീയതി അരുൾനിലയത്ത് വെച്ച് യുവജനസംഗമം നടത്തി. പഠനത്തിനും ജോലിക്കുമായി വിവിധ ഇടവ കകളിൽ നിന്ന് പുറത്തുള്ളവർ ഉൾപ്പെടെ 150 യുവജനങ്ങൾ സംഗമ ത്തിൽ പങ്കെടുത്തു. ശ്രീ. ജോസ് പള്ളത്ത്, ബിനോയി പാനികുളം, എന്നിവർ ക്ലാസുകൾ നയിച്ചു. CYM മേഖലാ ഡയറക്ടർ റവ. ഫാ. ആന്റോ മമ്പള്ളിൽ സംഗമത്തിൽ നേതൃത്വം നൽകി.

**മിഷൻലീഗ് ക്യാമ്പ്**

ഗൂഡല്ലൂർ മേഖലയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 27, 28 തീയ തികളിൽ അരുൾനിലയത്ത് വെച്ച് മിഷൻലീഗ് കുട്ടികൾക്കായി ക്യാമ്പ് നടത്തി. റീജിയണൽ ഡയറക്ടർ റവ.ഫാ.കുര്യാക്കോസ് കുന്നത്ത്

ക്യാമ്പ് ഉത്ഘാടനം ചെയ്തു. സി. ജീസാ സി.എം.സി. യും ടീമും ക്യാമ്പ് നയിച്ചു. തൊണ്ണൂറോളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. മേഖലാ ഡയറക്ടർ റവ.ഫാ. ജെയിംസ് ചമ്പക്കര ക്യാമ്പിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തു. സമാപന സമ്മേളനം അരുൾനിലയം വികാരി റവ.ഫാ. ചാക്കോ സി.എം.ഐ. ഉത്ഘാടനം ചെയ്തു.

**ഗൂഡല്ലൂർ ഭൂമിപ്രശ്നം**

ഗൂഡല്ലൂർ ഭൂമിപ്രശ്നം ചർച്ചചെയ്യാൻ ജനുവരി 7-ാം തീയതി അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ ഗൂഡല്ലൂർ മേഖലയിൽ നിന്നുള്ള ഇടവകകളിലെ കൈക്കാരന്മാരുടെയും കമ്മിറ്റി അംഗങ്ങളുടെയും മീറ്റിംഗ് വിമലഗിരിയിൽ വച്ചു നടന്നു. റീജിയണൽ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കുന്നത്ത് ഭൂമി പ്രശ്നങ്ങളുടെ വിവിധ വശങ്ങളെക്കുറിച്ച് സംസാരിച്ചു. റവ.ഫാ. ജോർജ് പടിഞ്ഞാറയിൽ Private forest act ന്റെ നിയമ വശങ്ങൾ പഠിച്ച് അവതരിപ്പിച്ചു. തുടർ നടപടികൾക്കായി ഇടവകകളിൽ നിന്ന് 2 പേരെവീതം തെരഞ്ഞെടുത്ത് റീജിയണൽ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചു. CBCI മീറ്റീംഗിൽ അഭിവന്ദ്യ പിതാവ് തമിഴ്നാട്ടിൽ നിന്നുള്ള മെത്രാൻ സമിതിയുടെ സഹകരണത്തോടെ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ നിശ്ചയിച്ചു.

**വിമലഗിരി**

CYM 30 അംഗങ്ങൾ ഉൾക്കൊള്ളുന്ന യൂണിറ്റ് പുന:സംഘടിപ്പിച്ചു.

**കയ്യൂന്നി**

കയ്യൂന്നി Sacred Heart H.S.S. ന്റെ രജതജൂബിലി ജനുവരി 9-ന് ആഘോഷിച്ചു.

**കൽപ്ര**

കൽപ്രയിൽ പുതുതായി പണികഴിപ്പിച്ച വൈദിക ഭവനത്തിന്റെ വെഞ്ചിരിപ്പ്കർമ്മം അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഡിസംബർ 29-ന് നിർവ്വഹിച്ചു.

**ബർളിയാർ**

പ്രകൃതിക്ഷോഭംമൂലം ദുരിതമനുഭവിക്കുന്ന ബർളിയാർ ഇടവകാതിർത്തിയിൽ ഉള്ള 100 കുടുംബങ്ങൾക്ക് രൂപതാ കേന്ദ്രത്തിൽ നിന്ന് ലഭിച്ച സാമ്പത്തിക സഹായം വിതരണം ചെയ്തു. WSSS ന്റെ സഹകരണത്തോടെ Caritas India വഴി ലഭിച്ച സഹായം ഉപയോഗിച്ച് 100 കുടുംബങ്ങൾക്ക് ഭക്ഷ്യസാധനങ്ങളുടെ കിറ്റും വിതരണം ചെയ്തു.

**ഫാ. അബ്രാഹം നാടുകുന്നേൽ**

റീജിയണൽ സെക്രട്ടറി

# മതബോധനരംഗം

**അനുമോദനങ്ങൾ**

മാണ്ഡ്യ രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനായിരിക്കുന്ന മോൺ. ജോർജ് ഞരളക്കാട്ടിന് മാനന്തവാടി രൂപതാ മതബോധനരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരുടേയും പ്രാർത്ഥനാനിർഭരമായ ആശംസകളും അനുമോദനങ്ങളും.

**HCC (+1, +2) പരീക്ഷ**

കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിലൂടെയും പ്രധാനാധ്യാപകരുടെ സമ്മേളനത്തിലും അറിയിച്ചതുപോലെ ഫെബ്രുവരി 14 -ാം തീയതി ഞായറാഴ്ച രാവിലെ 10.00 മണി മുതൽ 1.00 മണി വരെ നിശ്ചയിച്ച പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷ നടത്തുന്നതാണ്. പരീക്ഷയ്ക്ക് വേണ്ട ക്രമീകരണങ്ങൾ ഇടവകയിലും പരീക്ഷാ കേന്ദ്രങ്ങളിലും ഫൊറോന ടീം അംഗങ്ങളും, പരീക്ഷാ സെന്ററിലുള്ളവരും ചെയ്യുമല്ലോ. ഹാൾ ടിക്കറ്റില്ലാത്ത കുട്ടികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

**ചോദ്യപേപ്പർ**

ചോദ്യപേപ്പർ, കുട്ടികൾക്ക് പരീക്ഷ എഴുതുവാനുള്ള Answer Book, Additional Sheets എന്നിവ ഫെബ്രുവരി 12 -ാം തീയതി രൂപതാ ഓഫീസിൽ നിന്നും ഫൊറോന സെക്രട്ടറിമാർ കൊണ്ടുപോകേണ്ടതാണ്.

**HCC ഉത്തരക്കടലാസ് മൂല്യനിർണ്ണയക്യാമ്പ്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർ ഫോർ ക്രിസ്ത്യൻ സ്റ്റഡീസിന്റെ നേതൃത്വത്തിൽ മാർച്ച് 12-14 ദിവസങ്ങളിൽ രൂപതാ മതബോധന കേന്ദ്രത്തിൽ വച്ച് HCC പരീക്ഷാപേപ്പർ മൂല്യനിർണ്ണയ ക്യാമ്പ് നടത്തുന്നു. +1, +2 ക്ലാസുകളിൽ പഠിപ്പിക്കുന്ന പരിചയസമ്പന്നരായ അധ്യാപകരെ പ്രസ്തുത ക്യാമ്പിലേയ്ക്ക് ക്ഷണിക്കുന്നു. ഫെബ്രുവരി 28 ന്

മുമ്പായി അവരുടെ പേരുകൾ രൂപതാ മതബോധന കേന്ദ്രത്തിൽ അറിയിക്കുമല്ലോ.

### HDC പരീക്ഷ

HDC എഴുത്തുപരീക്ഷ ഫെബ്രുവരി 13-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 1.00 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തുന്നു. പങ്കെടുക്കുന്നവർ സ്ഥലവും സമയവും തീയതിയും ശ്രദ്ധിക്കുമല്ലോ.

### ഇന്റേണൽ അസ്സസ്സ്മെന്റ്

XI, XII ക്ലാസുകളിലെ കുട്ടികളുടെ ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ അവരുടെ പരീക്ഷ നടക്കുന്ന കേന്ദ്രങ്ങളിൽ ഫൊറോന സെക്രട്ടറിയെ ഏൽപ്പിക്കണം.

X-ാം ക്ലാസിലെ കുട്ടികളുടെ ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക് അവരുടെ Diploma പരീക്ഷ പേപ്പറിന്റെ കൂടെ എത്തിച്ചാൽ മതി.

### പ്രധാനാധ്യാപക സമ്മേളനം

ജനുവരി 9-ന് ബഹു. വികാരിയച്ചന്മാരുടെയും, പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം രൂപതാ പാസ്റ്ററൽ സെന്ററിൽ നടന്നു. രൂപതാ മതബോധന ഡയറക്ടർ റവ. ഫാ. ബെന്നി മുതിരക്കാലായിൽ സമ്മേളനത്തിന് എത്തിയവരെ സ്വാഗതം ചെയ്തുകൊണ്ട് ആമുഖ സന്ദേശം നൽകി. അദ്ധ്യക്ഷസ്ഥാനം വഹിച്ച അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് കാലത്തിന്റെ മാറ്റത്തിൽ വിശ്വാസ പരിശീലനം നൂതനമായ രീതികൾ സ്വീകരിക്കേണ്ട ആവശ്യകത വ്യക്തമാക്കി. വിശ്വാസ ജീവിതത്തിന് തടസമാകുന്നവ ഉപേക്ഷിക്കുവാനും, വിശ്വാസം പ്രവർത്തിയിലൂടെ പകരുവാനും സാധിക്കണം. വിശ്വാസ പരിശീലനം ഫലപ്രദമായി നടത്തുവാൻ ആധുനിക മാധ്യമങ്ങൾ ഉപയോഗിക്കണം. തിന്മ, തിന്മയാണെന്നും, അവ ഉപേക്ഷിക്കുമ്പോൾ മാത്രമേ ക്രിസ്തീയജീവിതം ഫലവത്താവുകയുള്ളുവെന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ പിതാവ് ഓർമ്മിപ്പിച്ചു.

DCC കോഴ്സ് കേന്ദ്രീകരിച്ച്, യുവജനമതബോധനത്തിന്റെ ആവശ്യകത ബഹു. സെബാസ്റ്റ്യൻ പുത്തേൻ അച്ചൻ തന്റെ ക്ലാസുകളിലൂടെ വ്യക്തമാക്കി. ദൈവമനുഷ്യനായ യേശുവിനെ ഇന്നത്തെ സമൂഹത്തിന് എങ്ങനെ പരിചയപ്പെടുത്തണമെന്നും അത് ആകർഷണത്തിന്റെ അടിസ്ഥാനത്തിലല്ല, യേശുവിനോട്, സുവിശേഷത്തോട്, വിളി

യോട്, ദൈവീകപദ്ധതിയോട് ചേർത്ത് എല്ലാവരേയും പരിചയപ്പെടുത്തണം. യുവത്വം പലവിധ സംഘർഷങ്ങളുടെ കാലഘട്ടമായതിനാൽ യുവജനങ്ങൾക്ക് സമഗ്രമായ, വിശ്വാസാധിഷ്ഠിതമായ ശിക്ഷണം നൽകണം.

മതാദ്ധ്യാപകരുടെ പഠനത്തെയും പരിശീലനത്തെയും ലക്ഷ്യമാക്കി രൂപതാ മതബോധനകേന്ദ്രം പ്രസിദ്ധീകരിക്കുന്ന ത്രൈമാസിക "ദിദാക്കെയിൻ" അഭ്യവന്ദ്യ ജോസ് പിതാവ്, ചുങ്കക്കുന്ന് ഫൊറോന ഡയറക്ടർ ബഹു. ജോസ് വടയാപറമ്പിൽ അച്ചന് നൽകി പ്രകാശനം ചെയ്തു.

തുടർന്നുള്ള ചർച്ചകൾക്ക് രൂപതാ മതബോധന സെക്രട്ടറി ശ്രീ.തോമസ് ഏറണാട്ട് നേതൃത്വം നൽകി. പരീക്ഷകൾ, വിശ്വാസോത്സവം, യുവജന മതബോധനം, അധ്യാപക പരിശീലനം, കുട്ടികളുടെ ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക് തുടങ്ങിയവ ചർച്ചയ്ക്ക് വിധേയമായി. യോഗത്തിന് രൂപതാ മതബോധന ടീം അംഗം ശ്രീ. ബെന്നി വട്ടക്കാമുകളേൽ നന്ദി പ്രകാശിപ്പിച്ചു. രൂപതാഗാനത്തോടെ യോഗം അവസാനിച്ചു.

**"ദിദാക്കെയിൻ"**

മതാധ്യാപകരുടെ പഠനത്തെയും, തുടർപരിശീലനത്തെയും ലക്ഷ്യമാക്കി രൂപതാ മതബോധനകേന്ദ്രം പ്രസിദ്ധീകരിക്കുന്ന ത്രൈമാസികയാണ് 'ദിദാക്കെയിൻ' രൂപതയിലെ എല്ലാ മതാദ്ധ്യാപകർക്കും അതിന്റെ കോപ്പികൾ സ്വന്തമായി ലഭിക്കത്തക്ക ക്രമീകരണമാണ് ചെയ്യുന്നത്. അധ്യാപകർ അതിനെ പഠനോപകരണമായി കണ്ട് ഫലം എടുക്കണം. മതബോധനക്ലാസുകളിൽ കുട്ടികൾക്ക് ആവശ്യമായ കാര്യങ്ങൾ പങ്കുവെയ്ക്കുകയും ചെയ്യണം.

**ഫൊറോന വാർത്തകൾ**

**നിലമ്പൂർ ഫൊറോന**

നിലമ്പൂർമേഖലാ മതാധ്യാപകരുടെ സംഗമം മേഖലാ ടീമിന്റെ നേതൃത്വത്തിൽ 2009 ഡിസംബർ 12 ന് ശനിയാഴ്ച ലിറ്റിൽ ഫ്ളവർ ഫൊറോന ദേവാലയത്തിൽ വച്ച് നടത്തി. രാവിലെ 9 മണിക്ക് കൊന്തയോടുകൂടി ആരംഭിച്ചു. 9.30 ന് മേഖല ഡയറക്ടർ ബഹു. ജിൽസൺ കോക്കണ്ടത്തിൽ അച്ചൻ എല്ലാ അദ്ധ്യാപകരേയും, അതോടൊപ്പം "മതബോധനം നേരിടുന്ന വെല്ലുവിളികൾ" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിക്കുന്നതിനുവേണ്ടി വന്ന ശ്രീ. പോൾ ഇരുമ്പുകുത്തിയിൽ – കോഴിക്കോട്, സാറിനെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്തു.

ക്ലാസ് എല്ലാ അദ്ധ്യാപകർക്കും വളരെ നല്ല അനുഭവമായിരുന്നു. തുടർന്ന് 11.45 ന് ഫൊറോനയിലെ ബഹു. വൈദികർ അദ്ധ്യാപകരെ കുമ്പസാരിപ്പിക്കുകയും റവ. ഫാ. ചാണ്ടി പുനക്കാട്ട് വി. ബലി അർപ്പിക്കുകയും നല്ല ഒരു സന്ദേശം നൽകുകയും ചെയ്തു. ഉച്ചഭക്ഷണത്തിനുശേഷം 2 pm ന് മദർ വേറോണിക്ക സ്പെഷ്യൽ സ്കൂളിലെ പ്രിൻസിപ്പാൾ റവ. സി. ബിയാട്രീഷ്യാ 'ബുദ്ധിപരമായി വൈകല്യമുള്ള കുട്ടികളുടെ പരിചരണം' എന്ന വിഷയത്തെ അധികരിച്ച് ക്ലാസ് എടുക്കുകയുണ്ടായി. 3 pm ന് ബഹു. ജിൽസൺ അച്ചന്റെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം നടത്തി. മേഖലാ പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ കടുകുംമാക്കൽ സ്വാഗതം പറഞ്ഞു. നിലമ്പൂർ, മണിമൂളി റീജണിന്റെ സിഞ്ചെല്ലൂസ് ബഹു. ഫാ. ജോസ് തേക്കനാടി സമ്മേളനം ഉദ്ഘാടനം ചെയ്തു. മേഖലയിൽ 15 വർഷത്തെ സേവനം പൂർത്തിയാക്കിയ ശ്രീ.ജോമോൻ മൂർക്കാട്ടിൽ ചോക്കാട്, ശ്രീ. ബെന്നി നെടുംപറമ്പിൽ-ചോക്കാട്, ശ്രീമതി അന്നമ്മ മഞ്ഞാടിയിൽ - ചോക്കാട്, ശ്രീ.സെബാസ്റ്റ്യൻ അക്കരക്കടുപ്പിൽ - ഇടിവണ്ണ, സി. ലീലാമ്മ SKD -ഇടിവണ്ണ, ശ്രീ. ജോണി കൂട്ടുങ്കൽ -മുട്ടിയേൽ, സി. ഷാലി റോസ് FCC - പൂളപ്പാടം, ശ്രീ. ഷാജി പുരക്കൽ - പൂക്കോട്ടുംപാടം, ശ്രീമതി ലീലാമ്മ ജോസ് കൊറ്റേടം-പൂക്കോട്ടുംപാടം എന്നീ അധ്യാപകരെ മെമന്റോ നൽകി ആദരിച്ചു. രൂപതാതലത്തിൽ നടത്തിയ ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകളിൽ ഈ മേഖലയിൽനിന്ന് ഉന്നതവിജയം നേടിയ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. മേഖല നവംബർ 29 ന് നടത്തിയ നമസ്കാരം, വിജ്ഞാനവീഥികൾ - പരീക്ഷകളിൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ കിട്ടിയ കുട്ടികൾക്കും സമ്മാനങ്ങൾ നൽകി. മുൻവർഷത്തെ മികച്ച പ്രവർത്തനം കാഴ്ചവെച്ച സൺഡേസ്കൂളുകളുടെ ഗ്രേഡ് നിലവാരം പ്രഖ്യാപിച്ചു. മേഖലാ സെക്രട്ടറി ഷാജി പുരയ്ക്കൽ എല്ലാവർക്കും നന്ദി പറയുകയും ക്രിസ്തുമസിന്റെ ആശംസകൾ നേരുകയും ചെയ്തു. 114 അധ്യാപകർ പങ്കെടുത്ത സംഗമം 3.45 pm ന് അവസാനിക്കുകയും ചെയ്തു.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

## ഉജ്ജൈൻ രൂപതാ മെത്രാന്റെ കത്ത്

ചെറുപുഷ്പ മിഷൻലീഗിന്റെ അംഗങ്ങളായ പ്രിയ കുഞ്ഞുമിഷനറിമാരെ, മാതാപിതാക്കന്മാരെ, പ്രിയ ബഹുമാനപ്പെട്ട സഹോദരിമാരെ, ബഹുമാനപ്പെട്ട വികാരിയച്ചാ,

"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും." തിരുപ്പിറവിയും ആണ്ടുപിറവിയും ആസന്നമായ ഈ അവസരത്തിൽ നിങ്ങൾ ഓരോരുത്തർക്കും അനുഗ്രഹാശിസ്സുകൾ ഹൃദയപൂർവ്വം നേരുവാൻ ഏറെ സന്തോഷമുണ്ട്. നിങ്ങളേവരേയും ഞാൻ ഉൾക്കണ്ണ് കൊണ്ട് കാണുകയും ശ്രവിക്കുകയും ചെയ്യുന്നു. മിഷനെക്കുറിച്ച് നിങ്ങൾക്കുള്ള താൽപര്യം യഥാർത്ഥ മിഷനിലേയ്ക്ക് നിങ്ങളെ നയിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ ഒക്ടോബറിൽ നമ്മുടെ സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസ്സിൽ വിളിച്ചുകൂട്ടിയ മിഷൻ ഡയറക്ടേഴ്സ്മാരുടെ യോഗത്തിൽ ഉയർന്നുവന്ന ആശയമാണ് മാതൃസഭയും മിഷൻരൂപതകളുമായി കൂടുതൽ ബന്ധം ഉണ്ടാകണമെന്നത്. അതിനുള്ള മാർഗ്ഗങ്ങളായി പരസ്പരം കത്ത്, ഫോൺ മുതലായവ വഴി ആശയവിനിമയം നടത്തുക, മിഷൻരംഗങ്ങൾ സന്ദർശിക്കുക, മിഷനറിമാർ തങ്ങളുടെ ബന്ധപ്പെട്ട ഇടവകകൾ സന്ദർശിക്കുക, ദൈവവിളി പ്രോൽസാഹിപ്പിക്കുക, ധനപരമായ സഹായം നൽകുക, പ്രാർത്ഥിക്കുക എന്നീ കാര്യങ്ങൾ നിർദ്ദേശിച്ചു. ഉജ്ജൈനിലെ സഭയും കേരളത്തിലെ സീറോ മലബാർ രൂപതകളുമായി നല്ല ബന്ധം പുലർത്തുന്നുണ്ട്. ആ ബന്ധം കൂടുതലായി ഉറപ്പിക്കുക എന്ന ഒരു ലക്ഷ്യംകൂടി എന്റെ കത്തിനുണ്ട്.

ഇനി മിഷനിലെ അൽപം വാർത്തകൾ. ഈ വർഷം ഒക്ടോബർ 11-ാം തീയതി രൂപതയിലെ വിശ്വാസികളുടെ ഒരു "വിശ്വാസ സംഗമം" ഉജ്ജൈൻ കത്തീഡ്രലിൽ വച്ച് നടന്നു. രൂപതയുടെ എല്ലാ

ഭാഗത്തുനിന്നുമുള്ള വിശ്വാസികൾ അതിൽ സംബന്ധിച്ചു. അവരുടെ വിശ്വാസം കൂടുതൽ ഗാഢമാക്കുക, പരസ്പരം പരിചയപ്പെടുക, ബന്ധങ്ങൾ സജീവമാക്കുക എന്നിവയായിരുന്നു ഇതിന്റെ ലക്ഷ്യം.

ജാമ്നർ എന്ന ഗ്രാമത്തിൽ മിഷൻ പ്രവർത്തനം തുടങ്ങിയിട്ട് 25 വർഷം പൂർത്തിയാകുന്നു. ഒരു വർഷം നീണ്ടു നിൽക്കുന്ന ജൂബിലിയാഘോഷത്തിന്റെ ഭാഗമായി രൂപതയിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ വൈദികരും ഓരോ ദിവസം അവിടുത്തെ St. John the Baptist പള്ളി സന്ദർശിച്ച് എല്ലാ ദാനങ്ങൾക്കുമായി നന്ദിയുടെ ബലിയർപ്പിച്ചു വരുന്നു.

ഉജ്ജൈൻ രൂപതയിൽ ഏതാണ്ട് 80 വൈദികർ സേവനം അനുഷ്ഠിക്കുന്നുണ്ട്. അതിൽ 35 പേർ രൂപതാ വൈദികരും ബാക്കിയുള്ളവർ സെന്റ് തോമസ് മിഷനറി സൊസൈറ്റി സമൂഹത്തിലെ അംഗങ്ങളുമാണ്. അവർ എല്ലാവരും പരസ്പരം സഹകരിച്ച് രൂപതയിൽ പ്രവർത്തിക്കുന്നു.

രൂപതയുടെ മൈനർ സെമിനാരി ഘോസല എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നു. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള 22 സെമിനാരിക്കാർ ഉജ്ജൈൻ രൂപതയ്ക്ക് വേണ്ടി പഠിക്കുന്നു. നാല് വൈദികരും അവരുടെ പരിശീലനത്തിനായി നിയോഗിക്കപ്പെട്ടിട്ടുണ്ട്. പരിശീലനകാലത്ത് അവർ ഹിന്ദി, ഇംഗ്ലീഷ്, ആധ്യാത്മിക കാര്യങ്ങൾ എന്നിവ പഠിക്കുന്നു.

മൈനർ സെമിനാരിക്കുശേഷം അവർ രൂപത നടത്തുന്ന Mission Orientation Course (MOC) നടത്തുന്നു. അത് കോട്ടത്തറ എന്നറിയപ്പെടുന്ന മനോഹരമായ സ്ഥലത്താണ്. അവിടുത്തെ പരിശീലനത്തിന് ശേഷം അവർ മേജർ സെമിനാരിയിലേക്ക് പോകുന്നു.

ഉജ്ജൈൻ പട്ടണത്തിൽ നിന്നും 7 കി.മി. ദൂരെയാണ് "റൂഹാലയ" എന്ന പേരിലറിയപ്പെടുന്ന മേജർ സെമിനാരി. സെന്റ് തോമസ് മിഷനറി സൊസൈറ്റി (MST) ആണ് ഇത് നടത്തുന്നത്. അവിടെ ഏഴു വർഷത്തെ പരിശീലനമാണുള്ളത്. അവിടെ ഏകദേശം 120 വൈദിക വിദ്യാർത്ഥികൾ പഠിക്കുന്നു. രൂപതയിലെ വൈദികവിദ്യാർത്ഥികളും ഇവിടെയാണ് പഠിക്കുന്നത്.

രൂപതയിൽ പതിമൂന്ന് സഹോദരീ സന്യസ്ത സമൂഹങ്ങൾ ജോലി ചെയ്യുന്നുണ്ട്. നമ്മുടെ സഭയിലെ മിക്ക സന്യാസിനിസമൂഹങ്ങളും രൂപതയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും വിദ്യാഭ്യാസം, ആതുരസേവനം, സാമൂഹിക പ്രവർത്തനം, നിരാലംബരും നിരാശ്രയ

രുമായ കുട്ടികളുടെ പരിശീലനപരിപാടികൾ എന്നീ തലങ്ങളിൽ അവർ ജോലി ചെയ്യുന്നു. ചില സന്യസ്തസമൂഹങ്ങൾ മിഷനിൽ അവരുടെതായ പരിശീലനകേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്. SH, SABS, SMS, DST, CMC തുടങ്ങിയ സന്യസ്തസമൂഹങ്ങൾക്ക് അവരുടെതായ പരിശീലനകേന്ദ്രങ്ങൾ ഉണ്ട്. SH, SABS, DST എന്നീ സമൂഹങ്ങൾ അവരുടേതായ മിഷൻ പ്രോവിൻസുകളും രൂപീകരിച്ചിട്ടുണ്ട്. അവരെല്ലാവരും രൂപതയുടെ പരിപാടികളുമായി സഹകരിച്ച് മിഷൻപ്രവർത്തനം നടത്തുന്നു. ഈ വർഷം SH, SABS സന്യസ്ത സമൂഹങ്ങൾ അവരുടെ സമൂഹസ്ഥാപനത്തിന്റെ 100-ാം വാർഷികത്തിന്റെ നിറവിലാണ്. അവരുടെ സേവനത്തെ നന്ദിയോടെ അനുസ്മരിക്കുകയാണ് ഈ അവസരത്തിൽ.

മിഷനിലെ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുന്നതിന് സമർപ്പിതരായ വ്യക്തികളെ ആവശ്യമുണ്ട്. അതുകൊണ്ട് കുഞ്ഞുമിഷനറിമാരായ നിങ്ങളെല്ലാവരും മിഷനുവേണ്ടി പ്രാർത്ഥിക്കുക, പ്രത്യേകിച്ച് ദൈവവിളി ഉണ്ടാകുന്നതിനുവേണ്ടി.

കേരള സഭയിലെ കുഞ്ഞു മിഷനറിമാരുടെ മാതാപിതാക്കളോടും ഒരപേക്ഷ: നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് വൈദിക-സന്യസ്ത ജീവിതത്തിലേയ്ക്ക് ദൈവവിളി ഉണ്ടാകുന്നപക്ഷം അവരെ പ്രോത്സാഹിപ്പിക്കുക. മിഷനിലേയ്ക്ക് വരാൻ ആഗ്രഹമുള്ളവരെ തടയരുത് എന്നൊരപേക്ഷയും. ഈ അവസരത്തിൽ 13-ാം ലെയോ മാർപാപ്പായുടെ "ഭാരതമെ നിന്റെ രക്ഷ നിന്റെ കരങ്ങളിൽ" എന്ന വാക്കുകളാണ് എന്റെ ഓർമ്മയിൽ വരുന്നത്. അതുകൊണ്ട് നല്ല ദൈവവിളി ഉണ്ടാകുവാൻ വേണ്ടി "വിളവിന്റെ നാഥനോട്" പ്രാർത്ഥിക്കുക.

പുൽക്കൂട്ടിൽ പിറന്ന യേശുവിന്റെ സമാധാനവും, പുതുവത്സരത്തിന്റെ സന്തോഷവും നിങ്ങളേവർക്കും ആശംസിച്ചുകൊണ്ട് നിർത്തട്ടെ.

ഉണ്ണീശോയിൽ സ്നേഹപൂർവ്വം,

ഉജ്ജൈൻ — **മാർ സെബാസ്റ്റ്യൻ വടക്കേൽ**
18-12-2009 — ഉജ്ജൈൻ രൂപതയുടെ മെത്രാൻ

**മാണ്ഡ്യ രൂപതയുടെ പ്രഥമ ഇടയനായി നിയമിതനായിരിക്കുന്ന നിയുക്ത മെത്രാൻ മാർ ജോർജ് ഞരളക്കാട്ടിന് മിഷൻലീഗിന്റെ അഭിനന്ദനങ്ങളും ആശംസകളും**

ചെറുപുഷ്പ മിഷൻലീഗിനെ സംബന്ധിച്ച് അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും ദിവസമായിരുന്നു 2010 ജനുവരി 18-ാം തീയതി. ചെറുപുഷ്പ മിഷൻലീഗിന്റെ രൂപതാഡയറക്ടറായി 1977-83 കാലഘ

ട്ടങ്ങളിൽ സേവനം ചെയ്ത മോൺ. ജോർജ് ഞരളക്കാട്ട് മാനന്തവാടി രൂപത വിഭജിച്ച് കർണ്ണാടകയിൽ രൂപംകൊണ്ട മാണ്ഡ്യ രൂപതയുടെ പ്രഥമ മെത്രാനായി നിയുക്തനായദിവസം. നീണ്ട 6 വർഷക്കാലം മിഷൻലീഗിനെ കരുതലോടെ നയിച്ച മഹാ ഇടയന് മിഷൻലീഗ് മാന ന്തവാടി രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാനിർഭര മായ ആശംസകളും. മാണ്ഡ്യരൂപതയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് പിതാവിന്റെ നേതൃത്വത്തിന് സാധിക്കട്ടെയെന്ന് ആശംസി ക്കുന്നു പ്രാർത്ഥിക്കുന്നു.

## അശരണർക്ക് താങ്ങായി തണലായി അവരോടൊപ്പമാകാം

മാനന്തവാടി രൂപതയിലെ വിവിധശാഖകൾ ഫെബ്രുവരി 3 മുതൽ 10 വരെ രോഗീസന്ദർശനവാരമായി ആചരിക്കുന്നു. ഓരോ ശാഖയും ഈ ആഴ്ചയിൽ ഇടവകയിലെ രോഗികളെ സന്ദർശിക്കുകയും, സഹാ യങ്ങൾ നൽകുകയും അവർക്കായി പ്രാർത്ഥിക്കുകയും അവരോടൊപ്പം ആകുകയും ചെയ്യേണ്ടതാണ്.

3 ബുധൻ : മാനന്തവാടി, കൊട്ടിയൂർ, മേഖലയിലെ ശാഖകളിൽ
4 വ്യാഴം : പയ്യമ്പള്ളി, ബത്തേരി മേഖലയിലെ ശാഖകളിൽ
5 വെള്ളി : കല്ലോടി മേഖലയിലെ ശാഖകളിൽ
6 ശനി : നടവയൽ, മണിമൂളി മേഖലയിലെ ശാഖകളിൽ
7 ഞായർ : പുൽപ്പള്ളി, കൽപ്പറ്റ മേഖലയിലെ ശാഖകളിൽ
8 തിങ്കൾ : ഗൂഡല്ലൂർ മേഖലയിലെ ശാഖകളിൽ

സമൂഹത്തിന്റെ സേവനം ആവശ്യപ്പെടുന്ന മേഖലകളിൽ സമ യവും സന്ദർഭവും നോക്കാതെ കടന്നുചെല്ലാനുള്ള മന:സ്ഥിതി നേടി യെടുക്കാനുള്ള തുടക്കമാകട്ടെ.

## 'സീനായ്' ക്യാമ്പിനായി ഒരുങ്ങാം

മിഷൻലീഗ് അംഗങ്ങൾക്ക് ആത്മീയ ഉണർവ്വും നേതൃത്വപരിശീ ലനവും നൽകി കർമ്മോത്സുകരാകാൻ നടത്തുന്ന ത്രിദിന റീജിയണൽ ക്യാമ്പാണ് 'സീനായ്'. ക്യാമ്പ് ഏപ്രിൽ മാസത്തിൽ വിവിധ റീജിയണൽ കേന്ദ്രങ്ങളിൽ വച്ച് നടക്കുന്നതാണ്. 14 വയസിനുമുകളിൽ പ്രായമുള്ള വ്യക്തികൾക്കാണ് 'സീനായ്' ക്യാമ്പിൽ പങ്കെടുക്കാൻ അർഹത. ഓരോ ശാഖയും പങ്കെടുക്കേണ്ടവരെ നേരത്തെതന്നെ തിരഞ്ഞെടുക്കുമല്ലോ.

## സംസ്ഥാന കൗൺസിൽ

മിഷൻലീഗ് സംസ്ഥാന കൗൺസിൽ ജനുവരി 9-ന് ശനിയാഴ്ച ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്നു. മാനന്തവാടി രൂപതയിലെ 33 മാനേജിംഗ് കമ്മറ്റി അംഗങ്ങൾ കൗൺസിലിൽ പങ്കെടുത്തു. പങ്കെ ടുത്ത ഏവർക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു.

## യുവജന പ്രസ്ഥാനത്തിന്റെ നവനേതൃത്വത്തിന് അഭിനന്ദനങ്ങൾ

മാനന്തവാടി രൂപതയുടെ യുവജന പ്രസ്ഥാനമായ കെ.സി.വൈ.എം. ന്റെ പുതുനേതൃത്വനിരയ്ക്ക്, പ്രസ്ഥാനത്തിന് കരുത്തും ഊർജ്ജസ്വലതയും നൽകി മുന്നേറാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

## അത്മായപഠന ശിബിരത്തിൽ പങ്കെടുത്തു

നവംബർ 27-ന് പി.ഒ.സി.യിൽ വച്ച് നടന്ന അത്മായ സമ്മേളനത്തിൽ മിഷൻലീഗിനെ പ്രതിനിധീകരിച്ച് എക്സിക്യൂട്ടീവ് അംഗം ശ്രീ. സജി വേങ്ങത്തടത്തിൽ പങ്കെടുത്തു.

## ക്രിസ്തുമസ് - പുതുവത്സര ഒത്തുചേരൽ

ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ കൈമാറാനും സൗഹൃദം പുതുക്കാനുമായി രൂപതാടീം അംഗങ്ങൾ ഡിസംബർ 27-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒത്തുചേർന്നു. 'മിഷൻ' ശാഖ സന്ദർശനത്തെക്കുറിച്ച് ടീം അംഗങ്ങൾ വിലയിരുത്തി. രൂപത ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്നയോഗത്തിന് ശ്രീ. സജി വേങ്ങത്തടം സ്വാഗതം ആശംസിക്കുകയും ശ്രീ. സജി തറപ്പുതൊട്ടിയിൽ നന്ദി നേരുകയും ചെയ്തു.

## ബൈബിൾവാക്യ പഠനമത്സര വിജയികൾ

**ജൂനിയർ വിഭാഗം**

| | | |
|---|---|---|
| I. ആഗ്നസ് അഴകനാൽ | - | നെടുമ്പാല |
| II. അൽഫോൻസ നരിമറ്റത്തിൽ | - | ചുങ്കക്കുന്ന് |
| III. അഭിന മൂലക്കര | - | ചെന്നലോട് |

**സീനിയർ വിഭാഗം**

| | | |
|---|---|---|
| I. അനിറ്റ അഴകനാൽ | - | നെടുമ്പാല |
| II. അലീന ആലുങ്കൽകരോട്ട് | - | നടവയൽ |
| III. നവീൻ ഷോബി തുരുത്തേൽ | - | കൽപ്പറ്റ |

## ശാഖാവാർത്തകൾ

*കല്ലോടി, കുറുമണി* - നക്ഷത്രമത്സരം നടത്തി

*വാളവയൽ, ചുണ്ടക്കര, കാവുംമന്ദം* - വൃദ്ധരായ മാതാപിതാക്കൾക്ക് കുമ്പസാരത്തിനും വി.കുർബാന സ്വീകരണത്തിനുമായുള്ള സൗകര്യങ്ങൾ ഒരുക്കികൊടുത്തു.

*വെള്ളൂന്നി* - കൂനംപിള്ള കോളനിയിൽ ക്രിസ്തുമസ് ആഘോഷം നടത്തി

*കൊട്ടിയൂർ* – ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം നടത്തി.
*ജൂഡ്സ്മൗണ്ട്, അപ്പപ്പാറ* – ക്രിസ്തുമസ് കിറ്റ് വിതരണം ചെയ്തു.
*മംഗളം* – മാതാപിതാക്കളെ ആദരിച്ചു.
*പോരൂർ* – ബൈബിൾ ക്വിസ് മത്സരം നടത്തി.
*ഏലപ്പീടിക* – ക്രിസ്തുമസ് ആൽബ മത്സരം നടത്തി.
*മീനങ്ങാടി* – ദൈവവിളി സർവ്വേ നടത്തി.
*തോമാട്ടുചാൽ* – കൈയ്യെഴുത്തുമാസിക പ്രകാശനം ചെയ്തു.
*തലപ്പുഴ* – വസ്ത്രങ്ങൾ നൽകി.
*പേരിയ* – സാമ്പത്തിക സഹായം നൽകി.
*കോട്ടത്തറ, കുറുമ്പാല, പഴൂർ, മരകാവ്* – വൃദ്ധമന്ദിരം സന്ദർശിച്ച് ഭക്ഷണം നൽകി.
*വാകേരി* – വിവാഹസഹായം നൽകി.
*പാലാങ്കര, ഇരുളം* – ക്രിസ്റ്റീൻ ധ്യാനം നടത്തി.
*വെള്ളമുണ്ട* – മിഷൻഗ്രാമത്തിന് സന്ദേശം അയച്ചു.
*പുൽപ്പള്ളി* – ഏറ്റവും നല്ല രീതിയിൽ സുകൃതമഞ്ജരി തയ്യാറാക്കിയ കുട്ടിക്ക് സമ്മാനം നൽകി.
*മുള്ളൻകൊല്ലി* – നിർദ്ധന കുടുംബങ്ങൾക്ക് 10300 രൂപ സഹായം നൽകി.
*പാൽച്ചുരം* – Holly View ക്യാമ്പ് നടത്തി.
*മാർട്ടിൻനഗർ* – മാനന്തവാടി പുഴയോരത്തെ അക്രൈസ്തവരായ 6 കുട്ടികൾക്ക് വസ്ത്രം നൽകി.
*പനഞ്ചിറ* – പുൽക്കൂട് നിർമ്മാണ മത്സരം നടത്തി. വിജയിയായ കുട്ടിക്ക് സമ്മാനം നൽകി.

**ബൈബിൾ ക്വിസ് "സദ്വാർത്ത 2009"**

ചെറുപുഷ്പ മിഷൻലീഗ് മുതിരേരി ശാഖ ഒരുക്കിയ അഖില കേരള ബൈബിൾ ക്വിസ് മത്സരം "സദ്വാർത്ത 2009" റവ.ഫാ. ഷാജു മുളവേലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. സി.എം.എൽ. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ അധ്യക്ഷത വഹിച്ച സമാപന സമ്മേളനത്തിൽ രൂപതാ മതബോധന ഡയറക്ടർ റവ.ഫാ. ബെന്നി മുതിരക്കാലായിൽ സമ്മാനദാനം നടത്തി. ശ്രീ. ജോണി കാരക്കട, ശ്രീ. ബാബു ഞെഴുവിൻകാട്ടിൽ, ശ്രീ. ഷാജു പാലത്തുംതലയ്ക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. മത്സരങ്ങൾക്ക് ശാഖാ ഡയറക്ടർ റവ.ഫാ. സജി കോട്ടായിൽ, ജോ.ഡയറക്ടർ സി.വിജയ SIC, മതാധ്യാപകർ എന്നിവർ നേതൃത്വം നൽകി. വിവിധ ശാഖകളിൽ നിന്ന്

നിരവധി സി.എം.എൽ. അംഗങ്ങൾ മത്സരത്തിൽ പങ്കാളികളായി. ഒന്നാം സമ്മാനം പാലത്തുംതലയ്ക്കൽ കത്രീന ദേവസ്യ മെമ്മോറിയൽ ട്രോഫിയും 1001 രൂപയും - നിഷ കൊല്ലംമാട്ടേൽ ഒണ്ടയങ്ങാടി, രണ്ടാം സമ്മാനം Kerala Tourism Index.com എറണാകുളത്തിന്റെ 501 രൂപയും ട്രോഫിയും - മിത കിഴക്കേടത്ത് കാവുംമന്ദവും, മൂന്നാം സമ്മാനം 251 രൂപയും ട്രോഫിയും - അമൃത ചിറമുഖം പ്രശാന്തഗിരിയും കരസ്ഥമാക്കി. കൂടാതെ മറ്റ് ഏഴ് പ്രോത്സാഹന സമ്മാനങ്ങളും വിവിധ ശാഖകൾക്ക് നൽകി.

## ദൈവവിളിസഹായം തന്ന ശാഖ

പാടിച്ചിറ - 1000

## മിഷൻഞായർ വിഹിതം തന്ന ശാഖകൾ

കല്ലുമുക്ക് - 50, മംഗലശേരി - 100, പാൽച്ചുരം - 200, തലഞ്ഞി - 250, മരകാവ് - 750, പറളിക്കുന്ന് - 250, ബോയ്സ്ടൗൺ - 200, പാടിച്ചിറ - 500, റൂബിനഗർ - 250, പാറത്തോട്ടം - 300, പാലാങ്കര - 500, ഇടിവണ്ണ - 700, പേരിയ - 500, ഹിങ്കൽ - 7000, പൂളപ്പാടം - 400, പുഴമുടി - 150, പന്തിപൊയിൽ - 50, ടൗൺചർച്ച് (M)- 1000.

## ഫെബ്രുവരി മാസത്തെ ചിന്തകളും പ്രവർത്തനങ്ങളും

"പ്രാർത്ഥിച്ച് ഉപവസിച്ച് ശക്തരാകാം."

3-10:- രോഗീസന്ദർശനവാരം.

27 ഞായർ:- പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനായി ശാഖയിൽ അംഗങ്ങൾ ഒത്തുചേരുന്നു.

കരുണയുടെതീരം:- പുൽപ്പള്ളിമേഖല എക്സിക്യൂട്ടീവ് & ടീം.

വാർത്താബോർഡിൽ:- ക്രൈസ്തവർ നേതൃത്വം നൽകുന്ന വിവിധകാരുണ്യ ശുശ്രൂഷകൾ, അഗതിമന്ദിരങ്ങൾ, ആതുരാലയങ്ങൾ എന്നിവയുടെ വാർത്തകൾ, ചിത്രങ്ങൾ.

പ്രാർത്ഥനാനിയോഗം:- പരീക്ഷയ്ക്ക് ഒരുങ്ങുന്നവർക്കായി.

സുകൃതജപം:- ഈശോ മറിയം യൗസേപ്പേ ഞങ്ങളുടെ ആത്മാവിന് കൂട്ടായിരിക്കണമെ.

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**

രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളേ,

കർമ്മശരതയുടെ കാഹളം മുഴക്കി കർത്തവ്യനിരതമായ യുവജനപ്രസ്ഥാനം ശാക്തീകരണത്തിന്റെ വഴിത്താരയിലൂടെ കരുത്താർജിച്ച് ഒരു വർഷം. 2009 ലെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ യുവമനസ്സുകളിൽ, ആവേശത്തിന്റെ തിളക്കംകുറിക്കാനായി... 'യുവോത്സവ്-09' പ്രസ്ഥാനത്തിന്റെ ചരിത്രത്തിന്റെ ഏടുകളിൽ ഒരു തിലകക്കുറിയായി മാറി. വർണ്ണാഭമായ താളമേളങ്ങളുടെ അകമ്പടിയോടെ, കരുത്തുറ്റ മുദ്രാവാക്യങ്ങളുമായി രൂപതയിലെ യുവശക്തി ബത്തേരി ടൗൺ നിറഞ്ഞ് നിന്നപ്പോൾ അതൊരു സാക്ഷ്യമായി, ഉണർവ്വായി, ഒരു പുത്തൻ പ്രഭാതത്തിന്റെ കേളികൊട്ടായി. ഒത്തിരി ഒത്തിരി നന്ദി ഏവർക്കും.....

**നന്ദിയോടെ**

2009 വർഷത്തിൽ മാനന്തവാടി രൂപതയിലെ ധാർമ്മിക യുവജനപ്രസ്ഥാനമായ കെ.സി.വൈ.എം. നെ ധീരതയോടെ നയിച്ച ശ്രീ. അനീഷ് ഓമക്കര, കുമാരി ലിജി കളരിക്കൽ, ശ്രീ. സജിൻ ചാലിൽ, നീന വടക്കേൽ, സന്തോഷ് ഞാറക്കുളം, ഷിന്റോ മുള്ളൻകുഴി, ജെസോയി മൂങ്ങനാനിയിൽ തുടങ്ങിയവരെ പ്രത്യേകം അഭിനന്ദിക്കുന്നു. 'യുവജനം വിശ്വാസതീക്ഷ്ണതയോടെ രാഷ്ട്രസേവനത്തിന്' എന്ന പഠന വിഷയത്തിലൂടെ വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച്, യൂണിറ്റ്, മേഖല, രൂപതാ തലങ്ങളിൽ പ്രസ്ഥാനത്തെ മുന്നോട്ട് നയിച്ച ഏവരേയും നന്ദിയോടെ ഓർക്കുന്നു. രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങൾ, പ്രൊമോട്ടർമാർ, ചിന്താവേദി അംഗങ്ങൾ, റിസോഴ്സ് അംഗങ്ങൾ എന്നിവരുടെ നിസ്തുലമായ സേവനങ്ങളെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. ഒപ്പം ഓരോ യൂണിറ്റിലെയും വൈദികർ, ആനിമേറ്റർമാർ, ഭാരവാഹികൾ, മേഖലാ ഡയറക്ടർമാർ,

മേഖലാ ആനിമേറ്റർമാർ, മേഖലാ ഭാരവാഹികൾ, പ്രസ്ഥാനത്തിന്റെ വിജയത്തിന് സാമൂഹികും സാമ്പത്തികവുമായ സഹായം ചെയ്ത എല്ലാവരെയും സ്നേഹപൂർവ്വം ഓർമ്മിക്കുന്നു. പ്രസ്ഥാനത്തിന്റെ സുഗമമായ പ്രയാണത്തിന് സഹായിച്ച രൂപതാ ആനിമേറ്റർ സി. ജെസ്‌ലിമ എസ്.ഡി, രൂപതാ ഓഫീസ് സെക്രട്ടറി സി. ജെസ്ന എസ്.എ.ബി.എസ്. എന്നിവരെയും നന്ദിയോടെ അനുസ്മരിക്കുന്നു. എല്ലാറ്റിലുമുപരിയായി പിതൃവാത്സല്യത്തോടെ അനുഗ്രഹിക്കുകയും, നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും ഒപ്പം പുത്തൻ ആശയങ്ങളും നൽകി പ്രസ്ഥാനത്തിന്റെ കൂടെ നിൽക്കുന്ന അഭിവന്ദ്യ പിതാവിനും പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നൽകി പ്രസ്ഥാനത്തെ ധീരമായി നയിക്കുവാൻ കരുത്ത് തന്ന സ്നേഹ ബഹുമാനപ്പെട്ട വികാരി ജനറാൾ മോൺ. ജോർജ് മൂലയിലച്ചനും രൂപതയിലെ മുഴുവൻ യുവമനസ്സുകളുടെയും നന്ദിയും സ്നേഹവും ഹൃദയപൂർവ്വം അർപ്പിക്കുന്നു.

## പുത്തൻ പ്രതീക്ഷകളുമായി പുതുനേതൃത്വം

2010 വർഷത്തിൽ പ്രസ്ഥാനത്തെ നയിക്കുവാൻ ശക്തമായ ഒരു നേതൃത്വം കടന്നുവന്നിരിക്കുന്നു. ശ്രീ. സജിൻ ജോസ് ചാലിന്റെ നേതൃത്വത്തിൽ സീന കുര്യൻ, ബെന്നി പച്ചിക്കൽ, വിപിൻ പനമട, നീന വടക്കേൽ, ആന്റണി മങ്കടപ്ര, സന്തോഷ് ഞാറക്കുളം എന്നിവരുടെ പുതു നേതൃത്വം പ്രസ്ഥാനത്ത് കരുത്ത് നൽകും എന്ന് ഉറപ്പുണ്ട്. പുത്തൻ ഉണർവ്വോടും, ഉൾക്കാഴ്ചകളോടുംകൂടി രൂപതയിലെ യുവജന പ്രസ്ഥാനത്തെ ധീരതയോടെ നയിക്കുവാൻ നിങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. നിസ്വാർത്ഥമായ യുവജന ശുശ്രൂഷയ്ക്കായി നിങ്ങളുടെ മനസ്സും, ശക്തിയും, സമയവും, ആരോഗ്യവും സമർപ്പിക്കുവാൻ നിങ്ങൾക്കാകട്ടെ. തിരഞ്ഞെടുക്കപ്പെട്ട രൂപതാ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ... വിജയാശംസകൾ...

സ്നേഹത്തോടെ,

**സണ്ണിയച്ചൻ**

## വാർഷിക സെനറ്റ്

2009 വർഷത്തെ രൂപതാ വാർഷിക സെനറ്റ് 2010 ജനുവരി 8,9 തീയതികളിൽ മാനന്തവാടി ബോയ്സ് ടൗണിൽവച്ച് നടന്നു. മാനന്തവാടി കത്തീഡ്രൽ വികാരി റവ.ഫാ. ജോർജ് മൈലാടൂർ ഉത്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് അനീഷ് ഓമക്കര അധ്യക്ഷത വഹിച്ചു. രൂപതാ ജനറൽ സെക്രട്ടറി സജിൻ ജോസ് ചാലിൽ സ്വാഗതവും രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖ പ്രഭാഷ

ണവും നടത്തി. മേഖലാ റിപ്പോർട്ടുകളും രൂപതാ റിപ്പോർട്ടും അവതരിപ്പിച്ച് പാസ്സാക്കി. തുടർന്ന് രൂപതയുടെ കണക്ക് അവതരിപ്പിച്ചു. തുടർന്ന് 2010 ലെ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**2010 ലെ രൂപതാ ഭാരവാഹികൾ**

പ്രസിഡന്റ് - സജിൻ ജോസ് ചാലിൽ, പയ്യമ്പള്ളി
വൈ.പ്രസിഡന്റ് - സീന കുര്യൻ എടമറ്റത്തിൽ, കല്ലോടി
ജന.സെക്രട്ടറി - ബെന്നി പച്ചിക്കൽ, ചിത്രഗിരി
സെക്രട്ടറിമാർ - വിപിൻ പനമട, കേണിച്ചിറ
- നീന വടക്കേൽ, പുതുശ്ശേരിക്കടവ്
ട്രഷറർ - ആന്റണി മങ്കടപ്ര, മുള്ളൻകൊല്ലി
കോ-ഓർഡിനേറ്റർ - സന്തോഷ് ഞാറക്കുളം, ചെന്നലോട്

രൂപതാ സെക്രട്ടറിയേറ്റ് അംഗങ്ങൾക്ക് അഭിനന്ദനങ്ങളും ആശംസകളും.

**രൂപതാ സിൻഡിക്കേറ്റ് അംഗങ്ങൾ**

മാനന്തവാടി രൂപതാ സിൻഡിക്കേറ്റ് അംഗങ്ങളായി മേഖലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവർ.

ആൻസി തേക്കാനത്ത് - ബത്തേരി
സുബിൻ ആമ്പശ്ശേരി - ഗൂഡല്ലൂർ
റെനിൻ കഴുതാടിയിൽ - കല്ലോടി
ജോജോ വരവുകാലായിൽ - കൽപ്പറ്റ
ഷിബു പുതിയകുന്നത്ത് - കൊട്ടിയൂർ
വിനീഷ് കോട്ടായിൽ - മാനന്തവാടി
സിബിൻ പാലമൂട്ടിൽ - മണിമൂളി
ഹർഷ തോമസ് ചേരവേലിൽ- നടവയൽ
സുനിൽ എം.പി. മുക്കോട്ട് - നിലമ്പൂർ
ട്രീസ പുളിക്കകണ്ടത്തിൽ - പയ്യംമ്പള്ളി
ജെസ്ന ചെട്ടിയാശ്ശേരി - പുൽപ്പള്ളി
ജോൺസൺ ചക്കാലയ്ക്കൽ - തരിയോട്

സിൻഡിക്കേറ്റ് അംഗങ്ങൾക്ക് ഭാവുകങ്ങൾ, പ്രാർത്ഥനാമംഗളങ്ങൾ.

**സംസ്ഥാന സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങൾ**

അനീഷ് ഓമക്കര, ലിജി കളരിക്കൽ, ബിനോയി പാനികുളം, ഷംജിത്ത് ചേലയ്ക്കൽ, ജെസ്സോയി മൂങ്ങനാനിയിൽ, സീന എടമറ്റത്തിൽ.

## സംസ്ഥാന വാർഷികസെനറ്റ്

2009 വർഷത്തെ സംസ്ഥാന വാർഷിക സെനറ്റ് കോഴിക്കോട് നവജ്യോതി റിന്യൂവൽ സെന്ററിൽ വച്ച് ജനുവരി 14 മുതൽ 17 വരെ നടന്നു. രൂപതാ വാർഷിക റിപ്പോർട്ട് സെനറ്റിൽ അവതരിപ്പിച്ചു. 2010 ലെ സംസ്ഥാന ഭാരവാഹികളെ തെരഞ്ഞെടുത്തു. മാനന്തവാടി രൂപതയിൽ നിന്നും സംസ്ഥാന സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങൾ പങ്കെടുത്തു. ശ്രീ. ബിനോയ് പാനികുളം - സംസ്ഥാന ഓഡിറ്റർ.

സംസ്ഥാന ഓഡിറ്ററായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ബിനോയി പാനികുളത്തിന് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ, പ്രാർത്ഥനാശംസകൾ.

### അംഗത്വമാസം

ഈ വർഷം ജനുവരി മാസം അംഗത്വമാസമായി ആചരിച്ചിട്ടുണ്ടാവുമല്ലോ. കെ. സി. വൈ. എം. പ്രസ്ഥാനത്തിൽ അംഗങ്ങളാകുന്നവരെ പുതിയതായി ചേർക്കുവാനും പഴയ അംഗങ്ങളുടെ അംഗത്വം പുതുക്കുവാനുമുള്ള അവസരമാണിത്. 2010 വർഷത്തിൽ ഇടവകയിൽ 15 നും 35 നും മദ്ധ്യേ പ്രായമുള്ള മുഴുവൻ യുവജനങ്ങളെയും കെ.സി.വൈ.എം. അംഗങ്ങളായി ചേർക്കുവാൻ പ്രത്യേക മെമ്പർഷിപ്പ് ക്യാമ്പയിൻ നടത്തി. അംഗത്വ ലിസ്റ്റും അംഗത്വ ഫീസും ഫെബ്രുവരി 15-ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## സംയുക്ത സിൻഡിക്കേറ്റ് - ഉത്തരവാദിത്വ കൈമാറ്റം

2009 വർഷത്തെയും 2010 വർഷത്തെയും സിൻഡിക്കേറ്റംഗങ്ങളുടെ സംയുക്തയോഗം ജനുവരി 17-ന് വൈകുന്നേരം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. ബഹു. ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ 2010 വർഷത്തെ ഭാരവാഹികൾ ഉത്തരവാദിത്വം ഏറ്റെടുത്തു. അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ട് സിൻഡിക്കേറ്റംഗങ്ങൾ സംസാരിച്ചു. സിൻഡിക്കേറ്റംഗങ്ങളായ ശ്രീ. ബിജു മാത്യു അരീക്കാട്ട്, ശ്രീ. സണ്ണി ജോസ് ചാലിൽ, ശ്രീ. മാത്യു തറയിൽ, ശ്രീ. ജോജിൻ ടി ജോയ് എന്നിവർക്ക് സിൻഡിക്കേറ്റിൽ യാത്രയയപ്പ് നൽകി. കെ.സി.വൈ.എം. പ്രസ്ഥാനത്തിന് നിങ്ങൾ നൽകിയ വിലയേറിയ പ്രോത്സാഹനത്തിന് സഹായ സഹകരണങ്ങൾക്ക് എല്ലാം രൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

**പ്രവർത്തനവർഷ ഉൽഘാടനവും നേതൃത്വ സംഗമവും ദ്വാര കയിൽ**

ഫെബ്രുവരി 13-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ 2010 ലെ നേതൃത്വ സംഗമവും 'വഴി' പ്രകാശനവും പ്രവർത്തനവർഷ ഉത്ഘാടനവും നടത്തുവാൻ തീരുമാനിച്ചു. 2010 ലെ തെരഞ്ഞെടുക്കപ്പെട്ട എല്ലാ രൂപതാ, മേഖലാ, യൂണിറ്റ് ഭാരവാഹികളും പങ്കെടുക്കണം.

**മാർ ജോർജ് ഞരളക്കാട്ടിന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ**

മൈസൂർ, മാണ്ഡ്യ രൂപതയിലെ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ട നിയുക്ത പിതാവ് മാർ ജോർജ് ഞരളക്കാട്ടിന് കെ.സി.വൈ.എം. മാനന്തവാടി രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ. മിഴിവാർന്ന പ്രവർത്തന ശൈലിയിലൂടെ ദൈവജനത്തിന് ശുശ്രൂഷ ചെയ്യുവാൻ ദൈവകൃപ ധാരാളം ലഭിക്കട്ടെ എന്ന് സ്നേഹപൂർവ്വം പ്രാർത്ഥിക്കുന്നു.

**നന്ദിയോടെ**

2009 വർഷം മാനന്തവാടി രൂപതയിൽ കെ.സി.വൈ.എം. നെ ധീരമായി നയിച്ച ശ്രീ. അനീഷ് ഓമക്കര, ലിജി കളരിക്കൽ, സജിൻ ജോസ് ചാലിൽ, നീന വടക്കേൽ, സന്തോഷ് ഞാറക്കുളം, ഷിന്റോ മുള്ളൻകുഴി, ജെസ്സോയ് മൂങ്ങനാനിയിൽ, മേഖലാ യൂണിറ്റ് ഭാരവാഹികൾ, ഡയറക്ടർമാർ, ആനിമേറ്റർമാർ എന്നിവർക്ക് ഹൃദയംനിറഞ്ഞ നന്ദി.

സ്നേഹപൂർവ്വം,

**ബെന്നി പച്ചിക്കൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

### വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ, ഡിസംബർ 28 മുതൽ 31 വരെ നടന്ന കോഴ്സിൽ 86 പേരും ജനുവരി 10 മുതൽ 13 വരെ നടന്ന കോഴ്സിൽ 89 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദീകരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

### അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| ഫെബ്രുവരി 07–10 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഫെബ്രുവരി 19–22 | – | പാസ്റ്ററൽ സെന്റർ ദ്വാരക |

### അഭിനന്ദനങ്ങൾ

മാണ്ഡ്യ രൂപതയുടെ പ്രഥമ മെത്രാനായി നിയുക്തനായ മാർ ജോർജ് ഞരളക്കാട്ടിന് മാനന്തവാടി കുടുംബപ്രേഷിതത്വത്തിന്റെ അഭിനന്ദനങ്ങളും, ആശംസകളും, പ്രാർത്ഥനകളും നേരുന്നു.

## കത്തോലിക്കാ മാതൃസംഘടന

16-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ രൂപതാഡയറക്ടർ ബഹു. ഡെന്നിസച്ചന്റെ നേതൃത്വത്തിൽ സംയുക്ത എക്സിക്യൂട്ടീവ് ചേർന്നു. ജനുവരി 16-ന് നടത്തിയ മേഖലാതല സാഹിത്യമത്സരത്തിന്റെ വിഷയങ്ങൾ നൽകി നിർദ്ദേശങ്ങളും നിബന്ധനകളും പങ്കുവച്ചു. ഫെബ്രുവരി മാസം നടക്കുന്ന ബത്തേരി മേഖലാ സന്ദർശനം നടത്തുമ്പോൾ ചെയ്യേണ്ട കാര്യങ്ങൾ ബോധ്യപ്പെടുത്തി. സ്ഥാനമൊഴിഞ്ഞ അംഗങ്ങൾക്ക് നന്ദിയർപ്പിക്കുകയും ചെയ്തു. പ്രാർത്ഥനയ്ക്ക്ശേഷം പുതിയതായി ചാർജ്ജെടുത്ത എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് രൂപതാ

പ്രവർത്തനങ്ങളുടെ ഭാരവാഹിത്വം നൽകി. മീറ്റിംഗിൽ ആനിമേറ്റർ സി. ടെസീന എസ്.എ.ബി.എസ്. സ്വാഗതവും, പ്രസിഡന്റ് മോളി നന്ദിയും രേഖപ്പെടുത്തി. അടുത്ത എക്സിക്യൂട്ടീവ് ഫെബ്രുവരി 9-ന് നടത്തുവാനും തീരുമാനിച്ചു.

**മാതൃസംഘടന കലാമത്സരത്തിന്റെ പ്രസംഗവിഷയം - വി. യോഹന്നാന്റെ സുവിശേഷം 15-ാം അധ്യായമാണെന്ന് അറിയിക്കുന്നു.**

**പയ്യമ്പള്ളി മേഖല**

പയ്യമ്പള്ളി മേഖല മാതൃസംഘടനയുടെ ആഭിമുഖ്യത്തിൽ 19 -ന് ഒണ്ടയങ്ങാടി ദേവാലയത്തിൽ വച്ച് ബഹു. വൈദീകരെ ആദരിക്കുകയും വിവിധ മത്സരങ്ങളോടുകൂടി ക്രിസ്തുമസ് ആഘോഷിക്കുകയും ചെയ്തു. 11 ശാഖകളിലെ അമ്മമാരുടെ പ്രതിനിധികളായി 85 ഓളം അമ്മമാരും ബഹു. ആനിമേറ്റേഴ്സും പങ്കെടുത്തു. ജപമാല സമർപ്പണത്തോടെ ആരംഭിച്ച ചടങ്ങുകളിൽ ബഹു. വൈദീകർ അർപ്പിച്ച ഭക്തിസാന്ദ്രമായ സമൂഹബലിയിൽ ബഹു. മാത്യു കാട്ടറത്ത് അച്ചൻ സന്ദേശം നൽകി. പൊതുസമ്മേളനത്തിൽ റവ.ഫാ. സിബിച്ചൻ ചേലയ്ക്കാപ്പള്ളി അധ്യക്ഷപദമലങ്കരിക്കുകയും ലീലാമ്മ മഴുവഞ്ചേരിയുടെ പ്രാർത്ഥനാഗാനത്തിനുശേഷം മേഖലാ ആനിമേറ്റർ സി. മരിയറ്റ സ്വാഗതമാശംസിക്കുകയും, മേഖലാ ഡയറക്ടർ റവ.ഫാ. തോമസ് ഒറ്റപ്ലാക്കൽ ക്രിസ്തുമസ് സന്ദേശം നൽകുകയും ശ്രീ. ഓമന കാട്ടിക്കുളം ബഹു. വൈദികർക്ക് ആശംസകൾപ്പിക്കുകയും ചെയ്തു. മംഗളഗാനത്തിനുശേഷം ബഹു. അച്ചന്മാർക്ക് സ്നേഹസമ്മാനം നൽകി ആദരിച്ചു.

ഫണ്ടു ശേഖരണാർത്ഥം നടത്തിയ നറുക്കെടുപ്പിൽ വിജയികളായവർക്കും മറ്റു മത്സരങ്ങളിൽ വിജയികളായവർക്കും സമ്മാനങ്ങൾ നൽകി ബഹു. തോമസച്ചൻ അനുമോദിച്ചു. പ്രസി. മോളി മണിമല ഏവർക്കും കൃതജ്ഞതയർപ്പിച്ചു.

**തവിഞ്ഞാൽ ശാഖ**

മാനന്തവാടി മേഖലയിൽ പുതുതായി ആരംഭിച്ച തവിഞ്ഞാൽ ശാഖയ്ക്ക് നന്മയും അനുഗ്രഹവും മാതൃസംഘടന കൂട്ടായ്മയിലേയ്ക്ക് സ്വാഗതവും.

**മാതൃസംഘടനയുടെ 2010-2012 വർഷത്തേയ്ക്കുള്ള ഭരണസമിതി അംഗങ്ങൾ**

| | | |
|---|---|---|
| ഡയറക്ടർ | - | റവ.ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ |
| ആനിമേറ്റർ | - | സി. ജോയ്സ് SABS |
| പ്രസിഡന്റ് | - | ശ്രീമതി ഏലിയാമ്മ കൈനിക്കുന്നേൽ |
| വൈ.പ്രസിഡന്റ് | - | ശ്രീമതി മേരി വടയാപറമ്പിൽ |
| സെക്രട്ടറി | - | ശ്രീമതി ലിസി കുറിയിടത്ത് |
| ജോ.സെക്രട്ടറി | - | ശ്രീമതി റെജീന വെള്ളയ്ക്കാക്കുടി |
| ട്രഷറർ | - | ശ്രീമതി ഫിലോമിന പാരിക്കിലാത്ത് |

**ഏലപ്പീടിക ശാഖ**

ഏലപ്പീടിക ഇടവകയിൽ വികാരി റവ.ഫാ. ചാക്കോ വാഴക്കാലായുടെ നേതൃത്വത്തിൽ പ്രസിഡന്റ് ശ്രീമതി ലിസമ്മ മഠത്തിപ്പറമ്പിലിന്റെ അധ്യക്ഷതയിൽ ആനിമേറ്റർ സി. ജോസ്നയുടെ സാന്നിധ്യത്തിൽ മാതൃസംഘത്തിന്റെ മീറ്റിംഗ് നടന്നു.

ഒരു പാവപ്പെട്ട കുടുംബത്തെ കണ്ടെത്തി ക്രിസ്തുമസ് സമ്മാനമായി ബൈബിൾ വാങ്ങിക്കൊടുത്തു, 25 ദിവസം പള്ളിയിൽ വന്ന അമ്മമാർക്ക് സമ്മാനം നൽകി അനുമോദിച്ചു, പള്ളിപരിസരം വൃത്തിയാക്കി, രോഗീസന്ദർശനം നടത്തി. ബഹു. ചാക്കോച്ചൻ അമ്മമാർ കുടുംബത്തിലും സമൂഹത്തിലും അടയാളമായി മാറണം എന്ന് ഓർമ്മിപ്പിച്ചു.

**മരിയൻ സിംഗിൾസ്**

18-1-2010 ന് ഏകസ്ഥരുടെ മീറ്റിംഗ് നടത്തി. അടുത്ത മീറ്റിംഗ് ഫെബ്രുവരി 16-ന് 10 മണിക്ക് നടത്തപ്പെടുന്നതാണ്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

**നിയുക്ത മെത്രാൻ മോൺ. ജോർജ് ഞരളക്കാട്ടിന് പ്രാർത്ഥനാ ശംസകൾ**

സിയോൻ ശുശ്രൂഷകളിൽ നിറസാന്നിധ്യമായി നേതൃത്വം നൽകിയിരുന്ന സിയോൻ ശുശ്രൂഷകരുടെ പ്രിയങ്കരനായ ജോർജ്ജച്ചൻ മാണ്ഡ്യ രൂപതയുടെ പിതാവായി നിയുക്തനായതിൽ അത്യധികം സന്തോഷിക്കുകയും, ദൈവനിയോഗത്തിനു നന്ദി പറയുകയും പ്രാർത്ഥനാപൂർവ്വം ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു.

**ജാഗരണ പ്രാർത്ഥന ആദ്യവെള്ളി**

2010 ജനുവരി 1–ാം തീയതി പുതുവർഷാരംഭത്തിൽ തന്നെ സിയോൻ മക്കൾക്ക് ദിവ്യനാഥനോടൊപ്പം ജാഗരിച്ച് പ്രാർത്ഥിക്കുവാൻ കൃപ തന്ന നല്ല തമ്പുരാന് ആദ്യം തന്നെ നന്ദിയും സ്തുതിയും അർപ്പിക്കുന്നു. 6 pm ന് തന്നെ സിയോൻ ശുശ്രൂഷകരും ജാഗരണ പ്രാർത്ഥനയ്ക്കായി കടന്നുവന്ന ദൈവമക്കളും ജീസസ് യൂത്ത് അംഗങ്ങളും ചാപ്പലിൽ ഒന്നു ചേർന്നു. ജീസസ് യൂത്ത് പ്രസ്ഥാനം ആരംഭിച്ചതിന്റെ രജതജൂബിലി വർഷ ഉദ്ഘാടനവും ഇന്നായിരുന്നു. പരി. അമ്മയുടെ മാദ്ധ്യസ്ഥം തേടി ജപമാല അർപ്പിച്ചു. 7 pm ന് ബഹു. ബാബു പാറയിൽ അച്ചൻ ജീസസ് യൂത്ത് അംഗങ്ങൾക്കുവേണ്ടി വി. ബലി അർപ്പിച്ചു. യുവത്വം ജീവിതത്തിന്റെ വസന്തമാണ്. അമേരിക്കയിൽ പീറ്റ്സ് ബർഗ് എന്ന സ്ഥലത്ത് ഏതാനും ചെറുപ്പക്കാർ ഒന്നിച്ചിരുന്ന് "മാമ്മോദീസായിലും സ്ഥൈര്യലേപനത്തിലും ഞങ്ങൾക്കു ലഭിച്ച പരിശുദ്ധാമാവിനെ ഞങ്ങളിൽ ഉജ്വലിപ്പിക്കണമെ" എന്ന് പ്രാർത്ഥിച്ചപ്പോൾ അവരിൽ പരിശുദ്ധാത്മാവിന്റെ ശക്തമായ ഇടപെടൽ ഉണ്ടായി. ഈ പ്രാർത്ഥനയും അഭിഷേകവുമാണ് കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ആരംഭം. നമ്മൾ മെഴുകുതിരികളാണ്. യേശുവാകുന്ന വലിയ വെളിച്ചത്തിലേക്കാണ് നാം ചെല്ലേണ്ടത്. നമ്മുടെ ജീവിതത്തിലെ പ്രശ്നങ്ങൾക്കെല്ലാം കാരണം

കണ്ടെത്താൻ നോക്കേണ്ട. ദൈവത്തിന്റെ പദ്ധതി നമ്മിലൂടെ പൂർത്തി യാകണം. വേദനകൾ കുഴിവെട്ടിമൂടണം. വിശ്വാസത്തിന്റെ വെളിച്ച ത്തിൽ ജീവിക്കുക. പുതിയ വർഷത്തിൽ ദൈവം നമ്മോടുകൂടെ നട ക്കുന്ന അനുഭവം നമുക്കുണ്ടാകുവാൻ 1. ദൈവത്തിന് ജീവിതത്തിൽ ഒന്നാംസ്ഥാനം കൊടുക്കണം. 2. ബന്ധങ്ങൾ – കുടുംബബന്ധങ്ങൾ – ശരിയാക്കുക–വളർത്തുക. 3. സമാധാനം സൃഷ്ടിക്കാൻ ശ്രമിക്കുക 4. സൗഹൃദങ്ങൾ കാത്തുസൂക്ഷിക്കുക 5. ദൈവവചനം വായിക്കുവാൻ തീരുമാനം എടുക്കുക. വി.ബലി മദ്ധ്യേ അച്ചൻ അനുസ്മരിപ്പിച്ചു. 12 മണി വരെ തുടർന്ന ജാഗരണ പ്രാർത്ഥന ബഹു. ബാബു അച്ചനും സിയോൻ ടീമും ചേർന്ന് നയിച്ചു. ജീസസ് യൂത്ത് അംഗങ്ങൾക്ക് ബഹു. ബാബു അച്ചൻ ജൂബിലി തിരിയിൽ നിന്നും ചെറിയ തിരികൾ കത്തിച്ചു നൽകി. പ്രതിജ്ഞ ചൊല്ലി കൊടുത്തു. ജൂബിലി വർഷത്തിൽ ഉപരി തീക്ഷ്ണതയോടെ പ്രവർത്തിക്കുവാൻ അവർ തീരുമാനിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ 2-1-2010**

6 am ന് പരി. അമ്മയുടെ സവിധമണഞ്ഞ് പ്രാർത്ഥിച്ച് ഒരു ങ്ങിയ ശുശ്രൂഷകരെ ബഹു. പാറയിൽ അച്ചൻ ആശീർവ്വദിച്ച് വിശുദ്ധീ കരിച്ച് ശുശ്രൂഷയ്ക്ക് സജ്ജരാക്കി. ഒരുക്ക ശുശ്രൂഷയ്ക്കും പ്രഭാതഭ ക്ഷണത്തിനും ശേഷം 8.30 ന് സ്റ്റേജിൽ ശുശ്രൂഷകൾ ആരംഭിച്ചു. സപ്ര, ജപമാല, സ്തുതി ആരാധന ഇവ പതിവുപോലെ നടത്തി. ബഹു. പാറ യിൽ അച്ചനും സിയോൻ ടീമും നേതൃത്വം നൽകി. 11 am ന് ബഹു. ഡെന്നീസ് കഴുതാടി അച്ചൻ വി. ഗ്രന്ഥത്തിലെ വംശാവലി വിവരണ ങ്ങളെ വിശദമാക്കിക്കൊണ്ട് വചനം പങ്കുവെച്ചു. 12 മണിക്ക് ബഹു. അഗസ്റ്റ്യൻ കാട്ടേത്ത് അച്ചൻ (കല്യാൺ രൂപത) വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ലഘുഭക്ഷണം, സാക്ഷ്യങ്ങൾ ഇവയ്ക്കുശേഷം സൗഖ്യാരാധനയും, ദിവ്യകാരുണ്യപ്രദക്ഷിണവും നടത്തി. ആരാധന യുടെ തുടക്കത്തിൽ 2010 ലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷ നേതൃത്വത്തിലുള്ളവരെ സ്റ്റേജിൽ പരിചയപ്പെടുത്തുകയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. കർത്താവ് ജനത്തിനായി നൽകിയ സന്ദേശങ്ങൾ ആരാധനയുടെ അവസാനം വെളിപ്പെടുത്തി. കുമ്പസാര ത്തിനും, കൗൺസിലിംഗിനും അവസരം ഉണ്ടായിരുന്നു. 3.15 ന് അനു ഗ്രഹം പ്രാപിച്ച ദൈവമക്കൾ സ്തുതി ഗീതങ്ങളുമായി ഭവനങ്ങളി ലേക്ക് മടങ്ങി.

**രണ്ടാശനി ശുശ്രൂഷകൾ 9–1–2010**

**യുവജന കൂട്ടായ്മ**

25 യുവജനങ്ങൾ ഇന്നത്തെ ശുശ്രൂഷയിൽ പങ്കുകൊണ്ടു. വി.ബലി, ആരാധന, ക്ലാസ്, കുമ്പസാരം എന്നീ ശുശ്രൂഷകളിലൂടെ നവ ജീവൻ പ്രാപിച്ചു. ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചൻ വി. ബലി അർപ്പിച്ചു.

**ദമ്പതീ കൂട്ടായ്മ**

31 ദമ്പതികൾ ഇന്നത്തെ കൂട്ടായ്മയിൽ പങ്കെടുത്തു. ബഹു. സണ്ണി മഠത്തിൽ അച്ചൻ ക്ലാസെടുത്തു. ദിവ്യബലി അർപ്പിച്ചു. ഉച്ചയ്ക്കു ശേഷം നാലു സെല്ലുകളായി തിരിഞ്ഞ് ഷെയർ ചെയ്തു. ദിവ്യകാരുണ്യ ആരാധനയും ഉണ്ടായിരുന്നു.

**കൗൺസിലിംഗ് ദിനം**

68 പേർ വന്ന് കൗൺസിലിംഗ് നടത്തി. മാനസികവും ശാരീരി കവും ആത്മീയവുമായ സൗഖ്യവും കൃപകളും നേടി.

**മൂന്നാംവെള്ളി സൗഖ്യദിനം 15–1–2010**

ധാരാളം രോഗികൾ വന്ന് പ്രാർത്ഥിച്ചു. ജപമാല, സ്തുതി ആരാ ധന, കൗൺസിലിംഗ് ഇവയ്ക്കു ശേഷം സൗഖ്യപ്രാർത്ഥനയും കൈവെ യ്പ്പുപ്രാർത്ഥനയും നടത്തി. ബഹു. പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി.

**സിയോൻ 2010 ഫെബ്രുവരിയിൽ**

| | | |
|---|---|---|
| 5 ആദ്യവെള്ളി | – | സോണൽ മീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| 6 ആദ്യശനി | – | ഏകദിന കൺവെൻഷൻ, കൗൺസിലിംഗ്, ക്രിസ്റ്റീൻ കൺവെൻഷൻ |
| 13 രണ്ടാംശനി | – | കൗൺസിലിംഗ് ദിനം, യുവജനകൂട്ടായ്മ ദമ്പതി കൂട്ടായ്മ |
| 19 മൂന്നാംവെള്ളി | – | സൗഖ്യദിനം |
| 26 നാലാംവെള്ളി | – | ജാഗരണപ്രാർത്ഥന, സുവിശേഷമുന്നണി |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരിസഹോദരന്മാരെ,

ഫെബ്രുവരി മാസം പകുതിയിൽ തന്നെ നാം വലിയ നോമ്പു കാലഘട്ടത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റേതുമായ ഇക്കാലഘട്ടത്തിൽ വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ നമ്മുടെ പരിത്യാഗ ജീവിതത്തിന്റെ യഥാർത്ഥ ഫല ങ്ങളാകട്ടെ എന്നാശംസിക്കുന്നു.

**ഓസ്സാനാംഭവൻ സന്ദർശനം: മാർച്ച് മാസം**

1-12 : കല്പറ്റ എ, സി. 13-31 : കൊട്ടിയൂർ എ. സി

**ഓഡിറ്റിംഗ് ഓഫ് A. C**

ജനുവരി മാസത്തിൽ ഓഡിറ്റിംഗ് നടക്കാത്ത എ.സികളുടെ ഓഡി റ്റിംഗ് ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ താഴെ പറയുന്ന തീയതിക ളിൽ അതാത് എ. സി കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. എ. സി പ്രസിഡന്റുമാർ സി. സി പ്രസിഡന്റുമായി ബന്ധപ്പെട്ട് കൂടുതൽ വിവര ങ്ങൾ ഗ്രഹിക്കേണ്ടതാണ്.

**ഫെബ്രുവരി**

ഫെബ്രുവരി 6 : പാടിച്ചിറ, 20 : പയ്യമ്പള്ളി, 21 : കുറുമ്പാല, 26: തരിയോട്, 27 : ബത്തേരി, 28 : മണിമൂളി, നിലമ്പൂർ, ഗൂഡല്ലൂർ

**മാർച്ച്**

മാർച്ച് 5 : കല്പ്പറ്റ, 6 : കല്ലോടി, 13 : മാനന്തവാടി, 20 : വാഴവറ്റ

**വാർഷിക റിപ്പോർട്ടുകൾ**

സാമ്പത്തിക വർഷം മാർച്ച് 31 ന് അവസാനിക്കുന്ന മുറയ്ക്ക് കോൺഫ്രൻസുകളുടെയും എ. സികളുടെയും റിപ്പോർട്ടുകൾ തയ്യാ റാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ആരംഭിക്കേണ്ടതാണ്.

കോൺഫ്രൻസുകളുടെ ഓഡിറ്റിംഗ് എ. സി പ്രസിഡന്റുമാരുടെ നേതൃത്വത്തിലുള്ള ടീമാണ് നടത്തേണ്ടത്.

**വാർഷിക വിഹിതങ്ങൾ**

പ്രതിവർഷം എ. സി യ്ക്കും സി. സി യ്ക്കും നൽകേണ്ട കോൺഫ്രൻസ് വിഹിതങ്ങൾ ഏപ്രിൽ ആദ്യംതന്നെ നൽകേണ്ടതും എ. സികൾ സി. സിയ്ക്ക് നൽകേണ്ടതുമാണ്. വിഹിതങ്ങൾ : 1. സി.സി, എ.സി. പ്രവർത്തനഫണ്ട് 100+50 = 150 രൂപ, 2. മെമ്പർഷിപ്പ് ഫീ + സി. ജി.എഫ് = 20 രൂപ (സിസിയ്ക്ക്), 3. ബുള്ളറ്റിൻ റീച്ചൗട്ട് : 25 രൂപ, ഓസ്സാനാം = 20 രൂപ, 4. രൂപതാ ബുള്ളറ്റിൻ : 120 രൂപ. രൂപതാ ബുള്ളറ്റിൻ ഇപ്പോൾ ലഭിക്കുന്ന എല്ലാവരും (ബോർഡുമെമ്പേഴ്സ് ഉൾപ്പെടെ) അവരവരുടെ റാപ്പർ നമ്പർ (അഡ്രസ്സിനു മുമ്പ് ചേർത്തിരിക്കുന്നത്) എ. സി കളെയോ, സി. സിയെ നേരിട്ടോ അഡ്രസ്സ് സഹിതം അറിയിക്കുകയും പുതുക്കണോ വേണ്ടയോ എന്ന് പറയുകയും വേണം. ഏപ്രിൽ മുതൽ ബുള്ളറ്റിൻ വരിസംഖ്യ പുതുക്കുന്നതിന് ഈ വിവരം അത്യാവശ്യമാണ്.

ഏവരുടേയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്
സ്നേഹപൂർവ്വം,

**ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്

NB:- എ.സി പ്രസിഡന്റുമാരുടെ തെരഞ്ഞെടുപ്പ് സംബന്ധമായ മുന്നറിയിപ്പ് യഥാസമയം നടപ്പാക്കുക

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**മദ്ധ്യവിരുദ്ധ ഞായർ**

ജനുവരി 24 ന് ഞായറാഴ്ച മദ്യവിരുദ്ധ ഞായറായി നമ്മുടെ ഇടവകകൾ ആഘോഷിച്ചു. കെ.സി.ബി.സി മദ്യവിരുദ്ധ കമ്മീഷന്റെ ആഹ്വാനമനുസരിച്ചാണ് പരിപാടികൾ സംഘടിപ്പിച്ചത്. കമ്മീഷൻ ചെയർമാൻ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ പിതാവിന്റെ ഇടയലേഖനം എല്ലാ ഇടവകകളിലും വായിച്ചു.

മദ്യവിരുദ്ധഞായർ പിരിവ് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി നീക്കിവെക്കണമെന്നും ആ തുക രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു. കഴിയുന്നത്ര വേഗത്തിൽ മദ്യവിരുദ്ധഞായർ പിരിവ് രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**രൂപതാ ലഹരിവിരുദ്ധ കൺവെൻഷൻ : KCBC**

മദ്യവിരുദ്ധ സമിതിയുടെ മാനന്തവാടി രൂപതാ കൺവെൻഷൻ മാർച്ച് 20–ന് ശനിയാഴ്ച നടത്തപ്പെടുന്നു. ഒരു ഇടവകയിൽനിന്ന് 5 പേരെങ്കിലും പങ്കെടുക്കുവാനുള്ള പരിശ്രമങ്ങൾ നടത്തുമല്ലോ. രൂപതാമെത്രാൻ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് കൺവെൻഷനിൽ പങ്കെടുക്കും. എല്ലാവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**സായാഹ്ന പ്രാർത്ഥനാ കൺവെൻഷൻ**

ലഹരിവിരുദ്ധ മനോഭാവം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2010 വർഷത്തിൽ ഇടവകകളിൽ നടത്തുവാൻ ആഗ്രഹിക്കുന്ന സായാഹ്ന പ്രാർത്ഥനാ കൺവെൻഷൻ മാർച്ച് മാസം മുതൽ ആരംഭിക്കുന്നു. വൈകുന്നേരം 4.30 ന് ആരംഭിച്ച് 9. 30 ന് ആവസാനിക്കുന്ന രീതിയിലാണ് പ്ലാൻ ചെയ്തിരിക്കുന്നത്. ഇടവകകൾ സൗകര്യപ്രദമായ ഒരു ദിവസം അറിയിക്കുമല്ലോ.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

## SWS എക്സിക്യൂട്ടീവ് സെക്രട്ടറിമാരുടെ യോഗം

2009 ഡിസംബർ 9-ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയത്തിൽവച്ച് SWS എക്സിക്യൂട്ടീവ് സെക്രട്ടറിമാരുടെ മീറ്റിംഗ് നടത്തി. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. WSSS പ്രോജക്ട് ഓഫീസർ ശ്രീ. ഒ.പി. അബ്രാഹം 2010 -ൽ നടത്തേണ്ട വിവിധ പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു. 57 സെക്രട്ടറിമാർ യോഗത്തിൽ പങ്കെടുത്തു.

## താലൂക്ക് ലീഗൽ എയ്ഡ് സെന്റർ

താലൂക്ക് ലീഗൽ എയ്ഡ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ സൗജന്യ നിയമ സഹായത്തെക്കുറിച്ചുള്ള ക്ലാസ് നൽകി. ഡിസംബർ 9-ാം തീയതി ദ്വാരക യൂണിറ്റിലും 27-ാം തീയതി പുതുശ്ശേരി യൂണിറ്റിലും നിയമസഹായ സെമിനാറുകൾ നടത്തി. അഡ്വ. ഷെബിൻ LLB ക്ലാസുകൾക്ക് നേതൃത്വം നൽകി.

## സ്വയംതൊഴിൽ കണ്ടെത്തുവാൻ സൗജന്യ പരിശീലനം-അപേക്ഷകൾ ക്ഷണിച്ചു

WSSS ന്റെ നേതൃത്വത്തിൽ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫങ്ഷണൽ വൊക്കേഷണൽ ട്രെയിനിംഗ് ആന്റ് റിസേർച്ച് സൊസൈറ്റി (FVTRS) യുടെ സഹായത്തോടെ 35 വയസിൽ താഴെ പ്രായമുള്ള സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാത്ത യുവതിയുവാക്കൾക്കായി സൗജന്യ തൊഴിൽ പരിശീലനം നൽകുന്നു. മുള, ചൂരൽ കൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമാണം, ഫേബ്രിക് പെയിന്റിംഗ് ആൻഡ് ടെക്സ്റ്റയിൽ പ്രിന്റിംഗ്, അഗ്രികൾച്ചർ ആൻഡ് പ്ലാന്റ് ടെക്നോളജി, ട്രാക്ടർ ആന്റ് റ്റില്ലർ ഓപ്പറേറ്റർ, ഫെറോസിമന്റ്

ടെക്നോളജി എന്നീ ട്രേഡുകളിലായിരിക്കും പരിശീലനം നൽകുക. പരിശീലനം നല്ലനിലയിൽ പൂർത്തിയാക്കുന്നവർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും വിപണന സഹായവും നൽകുന്നതാണ്.

**കുടുംബ സംഗമം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന നീർത്തട വികസന പദ്ധതിയുടെ ഭാഗമായി 2009 ഡിസംബർ 31 ന് പൊർളോം സാംസ്കാരിക നിലയത്തിൽ വച്ച് കുടുംബസംഗമം നടത്തി. സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. എം. രണദേവൻ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ സിന്ധു ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിച്ചു. നീർത്തട സമൂഹത്തിന്റെ വിവിധ കലാപരിപാടികൾ കുടുംബ സംഗമത്തോടൊപ്പം സംഘടിപ്പിച്ചു.

**സന്ദർശിച്ചു**

സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പഠനം നടത്തി. സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട നിയമ സഭ സബ്ജക്റ്റ് കമ്മിറ്റി WSSS ഉം ജൈവകൃഷിയിടങ്ങളും സന്ദർശിക്കുകയും WSSS ന്റെ പ്രവർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ, WSSS മാനന്തവാടി



# അറിയിപ്പുകൾ

## 1) ദൈവശാസ്ത്ര സെമിനാർ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി മംഗലപ്പുഴ

**2010 ഏപ്രിൽ 12 മുതൽ 15 വരെ**

വൈദികവർഷത്തോടനുബന്ധിച്ച് വൈദികരുടെ തുടർപരിശീലനവും ഫലപ്രദമായ അജപാലന ശുശ്രൂഷയും ലക്ഷ്യം വച്ചുകൊണ്ട് മംഗലപ്പുഴ സെമിനാരി സംഘടിപ്പിക്കുന്ന ദൈവശാസ്ത്ര സെമിനാറിൽ പങ്കെടുക്കുവാൻ എല്ലാ വൈദികരേയും സന്തോഷപൂർവ്വം ക്ഷണിക്കുന്നു. സെമിനാർ 2010 ഏപ്രിൽ 12 -ാം തീയതി വൈകിട്ട് 5 മണിക്ക് ആരംഭിച്ച് 15 -ാം തീയതി 1 മണിക്ക് അവസാനിക്കും. സെമിനാറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വൈദികർ മാർച്ച് 15-ാം തീയതിക്കു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സെമിനാർ ഫീസ് 200 രൂപ. സെമിനാറിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**ഉദ്ഘാടനം : മാർ ജേക്കബ് മനത്തോടത്ത്** (സെമിനാരി കമ്മീഷൻ ചെയർമാൻ)

**മുഖ്യ വിഷയങ്ങൾ**

1. നവസഭാസമൂഹങ്ങളും ബൈബിൾ വ്യാഖ്യാനങ്ങളും - ഡോ. ജോസഫ് പാമ്പ്ളാനി
2. വിശുദ്ധ ഗ്രന്ഥത്തിലെ ദുർഗ്രഹവചനങ്ങളും അവയുടെ വ്യാഖ്യാനങ്ങളും - ഡോ. മാത്യു വാര്യാമറ്റം CST
3. ഞായറാഴ്ച പ്രസംഗങ്ങളിൽ വിശുദ്ധഗ്രന്ഥത്തിന്റെ ഉപയോഗം - ഡോ. ജോഷി മയ്യാറ്റിൽ
4. അജപാലനരംഗത്തെ വെല്ലുവിളികൾ - മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
5. അജപാലനശുശ്രൂഷയും മാധ്യമങ്ങളും - ഡോ. ജോസഫ് പാലക്കീൽ MST

6. ക്രിസ്തു വിജ്ഞാനീയം ഭാരതീയ പശ്ചാത്തലത്തിൽ – ഡോ. ജേക്കബ് പറപ്പിള്ളി MSFS
7. മരണാനന്തരജീവിതവുമായി ബന്ധപ്പെട്ട തർക്കവിഷയങ്ങൾ – ഡോ. മൈക്കിൾ കാരിമറ്റം
8. മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ വൈദികന്റെ തനിമ – ഡോ. സെബി ചാലയ്ക്കൽ
9. Pastoral Management - ജോസ് പോൾ ചിറമേൽ
10. നിഗൂഢവിദ്യകളും ക്രൈസ്തവ വിശ്വാസവും – ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
11. Bioethics ലെ ചില നൂതനവിഷയങ്ങൾ – ഡോ. ഹോർമിസ് മൈനാട്ടി

സമാപന സന്ദേശം : ഡോ. വർഗ്ഗീസ് പാറപ്പുറം (വിൻസെൻഷ്യൻ സുപ്പീരിയർ ജനറൽ)

**For registration contact :**

Rector, St. Joseph Pontifical Seminary
Mangalapuzha, Aluva - 683102, Tel - 2606745

Rev. Dr. Mathew Illathuparampil - 9447277299
E-mail: illathuparampil@hotmail.com

Rev. Dr. Paul Mundolickal - 9447092067
E-mail: pmundoli@gmail.com

## 1) വിൻസെൻഷ്യൻ വൈദിക വിദ്യാർത്ഥികൾ നയിക്കുന്ന ജീസസ് മിഷൻധ്യാനം

ഏപ്രിൽ, മെയ് മാസങ്ങളിൽ ഇടവകകൾതോറും നടത്തുന്ന കുട്ടികളുടെ മൂന്നു ദിവസത്തെ **ജീവിത നവീകരണ ധ്യാനവും കൂട്ടായ്മയും.**

കുഞ്ഞുമക്കളെ ദൈവാനുഭവത്തിലേക്കു നയിക്കുന്ന വചനശുശ്രൂഷകൾ, ദൈവീക ജീവനേകുന്ന ദിവ്യബലി, ദൈവ–മനുഷ്യ അനുരഞ്ജന ശുശ്രൂഷ, സ്വർഗ്ഗീയാനുഭൂതി പകരുന്ന ആരാധനാ നിമിഷങ്ങൾ, ബൈബിൾ സന്ദേശമുൾക്കൊള്ളുന്ന Action Songs, Role Play, Audio-visual Programme, ആത്മീയാനുഭൂതി പകരുന്ന ഗാന ശുശ്രൂഷകൾ, സാക്ഷ്യമേകുന്ന ബൈബിൾ റാലി, സൗഹൃദം വളർത്തുന്ന സ്നേഹ വിരുന്ന്. ജീസസ് മിഷൻ – ധ്യാനം നടത്തുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക:

Director, Jesus Mission, Vincentian Vidyabhavan, Aluva
Phone: 0484 - 2604404, 2605147, Pin: 683102



# Programme

## PASTORAL CENTRE, DWARAKA

### *February - 2010*

| | | |
|---|---|---|
| *04 Thu* | - | *READY Meghala Directors' & Animator's Meet* |
| *05 Fri* | - | *Zion CRC : Night Vigil* |
| *06 Sat* | - | *Zion CRC : Prayer Day,*<br>*Christeen Prayer Day* |
| *07 Sun - 10 Wed* | - | *Marriage Preparation Course* |
| *09 Tue* | - | *CMA: Executive* |
| *12 Fri* | - | *KCYM : Secretariat* |
| *13 Sat* | - | *Jesus Youth: Prayer Day,*<br>*Catechism: HDC Exam,*<br>*KCYM : Sangamam Inauguration,*<br>*CML : Executive* |
| *16 Tue* | - | *Marian Singles* |
| *19 Fri - 22 Mon* | - | *Marriage Preparation Course* |
| *21 Sun* | - | *Catechism : Team Meeting* |
| *27 Sat - 28 Sun* | - | *HDC Viva Exam* |
| *28 Sun* | - | *KCYM : Syndicate* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## 2010 February

| | |
|---|---|
| 01 Mon 2 Tue ... | Kunnoth Good Shepherd Major Seminary : Seminary Committee Meeting |
| 03 Wed ............. | Out of Station |
| 04 Thu ............. | SH Provincial House |
| 05 Fri .............. | Out of Station |
| 06 Sat .............. | Bishop's House : Meeting of Major Superiors of Women Religious Congregation |
| 07 Sun ............. | Lakkidi : Pastoral Visit |
| 08 Mon ............. | Thonichal : Final Profession of SKD Sisters |
| Evening | Thariode : Monthly Recollection |
| 09 Tue ............. | Mandya : Inaguration of Sanjos Nursing School |
| 10 Wed Morning | Bishop's House : Meeting of Superiors of Men Religious Congregation |
| Afternoon | Cathedral : Priests' Year Celebrations |
| 11 Thu Morning | Mothakara : First Communion |
| Afternoon | Yavanarkulam : Blessing of the Convent of LF Sisters |
| 12 Fri ............. | Out of Station |
| 13 Sat 14 Sun | Mount St. Thomas |

| | |
|---|---|
| 15 Mon ............ | Visitors' Day |
| 16 Tue ............ | Out of Station |
| 17 Wed - 20 Sat | Mangalapuzha : Seminary Council Meeting |
| 21 Sun ............ | Boy's Town : Pastoral Visit |
| Feb 22- March 04 | Guwahati : CBCI Meeting |

## 2010 March

| | |
|---|---|
| March 05 - 11 | Diphu |
| 12 Fri ............ | Out of Station |
| 13 Sat Morning | Pastoral Council |
| Evening | Ambayathode : School Jubilee |
| 14 Sun ............ | Vanjode : Pastoral Visit |
| 15 Mon ............ | Visitors' Day |
| 16 Tue ........... | Pazhoor : School Anniversary |
| 17 Wed ............ | Visitors' Day |
| 18 Thu - 20 Sat | Out of Station |
| 21 Sun ............. | Kalluvayal : Blessing of Sunday School |
| 22 Mon ............. | Visitors' Day |
| 23 Tue ............ | Out of Station |
| 24 Wed ............. | Visitors' Day |
| 25 Thu - 26 Fri | Out of Station |
| 28 Sun ............. | Cathedral : Palm Sunday |
| 31 Wed ........... | Minor Seminary : Minor Orders |



"പൗരോഹിത്യ ധർമ്മനിർവ്വഹണത്തിൽ തങ്ങൾ തനിയെ അല്ലെന്നകാര്യം വൈദികർ ഓർമ്മിക്കേണ്ടതാണ്. സർവ്വശക്തനായ ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ടും തന്റെ പൗരോഹിത്യത്തിൽ പങ്കുചേരാൻ വിളിച്ച ക്രിസ്തുവിൽ ശരണപ്പെട്ടുകൊണ്ടും തങ്ങളിൽ സ്നേഹം വർദ്ധിപ്പിക്കാൻ ദൈവം പ്രാപ്തനാണെന്ന് ബോദ്ധ്യപ്പെട്ടുകൊണ്ടും പൂർണ്ണ വിശ്വസ്തതയോടെ വൈദികർ തങ്ങളുടെ പൗരോഹിത്യ ധർമ്മത്തിന് പൂർണ്ണമായി സ്വയം സമർപ്പിക്കേണ്ടതാണ്. തങ്ങൾക്ക് സഹപ്രവർത്തകരായി സഹോദര പുരോഹിതൻമാരും ലോകമെങ്ങുമുള്ള വിശ്വാസികളും ഉണ്ടെന്നു വൈദികർ മനസ്സിലാക്കട്ടെ"

*(രണ്ടാംവത്തിക്കാൻ സൂനഹദോസ് പ്രമാണരേഖ "വൈദികർ", നമ്പർ 22)*